അറിവിൽ നിറയാൻ... നിറവിൽ വളരാൻ...

# സ്നേഹദൂത്

Since 1997

St. Sebastian's Church, Nellikkunnu
Thrissur - 680 005, Ph : 2422324
E-mail Church : nellikkunnusebastian@gmail.com
facebook : snehadoothuNellikkunnu
www.nellikunnuchurch.com





## പത്രാധിപ സമിതി

**എഡിറ്റർ**
റവ. ഫാ. ജെയിംസ് പോൾ വടക്കൂട്ട്
Mob : 9847695401


**അസോസിയേറ്റ് എഡിറ്റർ**
ഫാ. ജിതിൻ നെല്ലങ്കര Mob:9544951206

**മാനേജിങ് എഡിറ്റർ**
ഡോ. ബിനോയ് സി. എഫ്. Mob:8921645795

**സെക്രട്ടറി**
ലിയോ കെ. ആന്റണി Mob:7012803077

**ട്രഷറർ**
ജേക്കബ് ജോർജ്ജ് കാഞ്ഞൂക്കാരൻ
Mob:9388915965

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**
ഫ്രാങ്കോ കെ. ഡി. Mob:9495246401
ജോസഫ് ഒ. ഡി. Mob:9847607508
സജു ജോസ് Mob:7306005733
സി. നീത ടെസിൻ Mob:6238711551
നിമ്മി ആന്റലോ Mob:9544022444
ജോളി മൈക്കിൾ Mob:8281150281
സനിൽ ലാസർ Mob:9383449428
മിനി ജോർജ്ജ് Mob:8086701198


സെപ്റ്റംബർ - 2023
പുസ്തകം - 25, ലക്കം - 9


## ഉള്ളടക്കം


- ☆ എഡിറ്റോറിയൽ
- ☆ ഇടയസന്ദേശം
- ☆ കൊച്ചച്ചന്റെ സന്ദേശം
- ☆ വി. ഗൈ
- ☆ ചിന്താവിഷയം
- ☆ കഥ
- ☆ ദിവ്യകാരുണ്യ അത്ഭുതങ്ങൾ
- ☆ ക്രിസ്തുവിനു പിന്നാലെ
- ☆ ലേഖനം
- ☆ ചെറുകഥ
- ☆ പൊരുളറിയാൻ
- ☆ ചുറ്റുവട്ടം
- ☆ ലേഖനം
- ☆ ഫീച്ചർ
- ☆ കളറിങ്ങ്
- ☆ ചിന്താസരണി
- ☆ സംഘടനകൾ പ്രവർത്തനങ്ങൾ
- ☆ ക്വിസ് മത്സരങ്ങൾ
- ☆ കുടുംബകൂട്ടായ്മ – വചനവായന
- ☆ ഓർമ്മദിനങ്ങൾ
- ☆ പ്രതിനിധിയോഗ തീരുമാനങ്ങൾ
- ☆ വചനകലണ്ടർ



**ട്രസ്റ്റികൾ** : മുക്കുങ്കൽ വർഗ്ഗീസ് വിൽസൻ Mob : 9847208085, പാലത്തിങ്കൽ ജോണി ഷാജു Mob : 9061046311, വാകയിൽ ജോർജ്ജ് വർഗ്ഗീസ് Mob : 8606347680, വലിയവീട്ടിൽ ആന്റണി ജോർജ്ജ് Mob : 9446873667
**ദേവാലയ ശുശ്രൂഷി** : സജു ജോസ് Mob : 7306005733 **ഓഫീസ് മാനേജർ** : ജേക്കബ്ബ് കാഞ്ഞൂക്കാരൻ Mob : 9388915965



Printed & Published by Fr. James Paul Vadakkoott, St. Sebastian's Church, Nellikkunnu,
Ph : 2422324, Mob : 9188779324. Snehadoothu Parish Bulletin (For Private Circulation Only).
Lay-out and Designing Concept (Prasoon) : 9747464398. Printed at Lourdenatha Press, Thrissur. Ph : 0487-2322199.


## വി. കുർബാന സമയങ്ങൾ

സാധാരണ ദിവസങ്ങളിൽ : 6 am, 7 am
വ്യാഴാഴ്ചകളിൽ : 5 pm
ഞായറാഴ്ചകളിൽ : 6 am, 7.30 am, 9 am, 5 pm

**പള്ളി ഓഫീസ് സമയം :**

8.30 am to 12.30 pm     3.30 pm to 6.45 pm
(ഞായർ മുടക്കം)




# യുവജനങ്ങൾ സഭയുടെ ചാലകശക്തി

ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിലാണ് ഇന്ത്യ ചൈനയെ കടത്തിവെട്ടി ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള രാജ്യമായി മാറിയത്. ഏകദേശം 143 കോടി ജനങ്ങളാണ് ഇപ്പോൾ നമ്മുടെ രാജ്യത്തുള്ളത്. ഇതിൽ തന്നെ 68 ശതമാനവും 15 മുതൽ 64 വയസ്സുവരെയുള്ളവരാണ് എന്നുള്ളത് ശ്രദ്ധേയമാണ്. 15 വയസ്സിന് താഴെയുള്ളവർ 26 ശതമാനവും 65 വയസ്സിനു മുകളിൽ ഉള്ളവർ കേവലം 6 ശതമാനവും മാത്രമാണ്. ചുരുക്കത്തിൽ നമ്മുടെ ജനസംഖ്യയുടെ ഭൂരിഭാഗവും യുവജനങ്ങളാണ് എന്നത് പ്രസക്തമാണ്. നാളെ നമ്മുടെ നാടിനെ മുന്നോട്ട് നയിക്കുക ഈ യുവശക്തിയാണ് എന്നുള്ളത് നിസ്തർക്കമാണ്.

ഈ സാഹചര്യം മുന്നിൽ കണ്ട് ക്രൈസ്തവ യുവത്വം ശരിയായ ദിശാബോധം ഉൾകൊണ്ട് നാടിനെ മുന്നോട്ട് നയിക്കുന്ന നിർണ്ണായക ശക്തിയാകേണ്ടത് പ്രധാനപ്പെട്ടതാണ്. നിർഭാഗ്യമെന്നു പറയട്ടെ, നമ്മുടെ നേതൃരംഗത്ത് യുവാക്കളുടെ പ്രാതിനിധ്യം ഇന്നും വളരെ കുറവാണ്. നമ്മുടെ യുവതക്കുവേണ്ട ശരിയായ മാർഗ്ഗനിർദ്ദേശം നൽകാനും ക്രൈസ്തവമൂല്യങ്ങളിൽ അടിയുറച്ച് നേർവഴിക്ക് നയിക്കുവാനും സഭാ സംവിധാനങ്ങൾക്കു കഴിയണം. സഭയും സമുദായ സംഘടനകളും ക്രിസ്തു ദർശനങ്ങൾ ഉയർത്തിപ്പിടിക്കുന്ന ചെറുപ്പക്കാരെ നേതൃത്വനിരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. ക്രിസ്തീയ കാഴ്ചപ്പാടുള്ള നേതാക്കൾ അധികാര സ്ഥാനങ്ങളിൽ എത്തണം. എന്നാൽ മാത്രമേ നാം ഇന്നനുഭവിക്കുന്ന ഒറ്റപ്പെടുത്തലുകൾക്കും, അവഗണനകൾക്കും, നീതിനിഷേധത്തിനും എതിരെ ചെറുത്തു നിൽക്കാൻ സാധിക്കൂ. നമ്മൾ വളരെ ഗൗരവതരമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു.... കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി കാഴ്ചപ്പാടുകളിൽ മാറ്റം അനിവാര്യമാണ്. അത് ഇനിയും വൈകിക്കൂടാ...

ഏവർക്കും നന്മകൾ നേർന്ന് കൊണ്ട്...

**മാനേജിംഗ് എഡിറ്റർ**






മിശിഹായ്ക്കു പ്രിയപ്പെട്ടവരെ,

പരിശുദ്ധ മറിയത്തിന്റെ ജനനവും, വിശുദ്ധ കുരിശിന്റെ പുകഴ്ചയും ഓർമ്മിക്കുന്ന മാസമാണ് സെപ്റ്റംബർ. ലോകരക്ഷകനായ ക്രിസ്തുവിന്റെ അമ്മയായ പരി. മറിയത്തിന് വളരെ പ്രാധാന്യമാണ് തിരുസഭ നൽകുന്നത്. മെയ് മാസത്തിൽ പരി. മറിയത്തിന് പ്രത്യേക വണക്കവും, ആഗസ്റ്റ് 15-ാം തിയ്യതി പരി. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും സെപ്റ്റംബർ 8 പരി. മറിയത്തിന്റെ ജനനതിരുനാളും ഒക്ടോബർ മാസം ജപമാല മാസവുമായി തിരുസഭ പ്രത്യേകമായി പരി. മറിയത്തെ ആദരിയ്ക്കുന്നു. ചരിത്രത്തിലേക്ക് നോക്കുമ്പോൾ പരി. മറിയത്തിന്റെ പ്രത്യേക ഇടപെടലുകൾവഴി വളരെയേറെ ദൈവാനുഗ്രഹങ്ങൾ നമുക്ക് ലഭിച്ചിട്ടുള്ളതായി കാണാം. വിവിധയിടങ്ങളിൽ ദർശനങ്ങൾ നൽകി തന്റെ സ്നേഹവും പരിപാലനവും നമുക്ക് നൽകിയിട്ടുണ്ട്. ഇന്ന് അനേകായിരങ്ങളാണ് മരിയൻ തീർത്ഥകേന്ദ്രങ്ങളിലേയ്ക്ക് പരി. മറിയത്തിന്റെ മാദ്ധ്യസ്ഥം തേടി ഓടി അണയുന്നത്. ആ മാതാവിന്റെ ജനനം ലോകത്തിന്റെ മുഴുവൻ സന്തോഷത്തിന്റെ ദിനമാണ്. പരി. മറിയത്തെ നമുക്ക് നൽകിയതിന് ദൈവത്തിന് നന്ദി പറയാം. പരി. മറിയത്തിന്റെ ജന്മദിനം സമുചിതമായി ആഘോഷിച്ചുകൊണ്ട് നമുക്ക് ദൈവാനുഗ്രഹങ്ങൾ പ്രാപിയ്ക്കാം. എല്ലാവർക്കും പരി.മറിയത്തിന്റെ ജന്മദിന ആശംസകൾ നേരുന്നു.

കുരിശിന്റെ രക്ഷാകരമായ ശാന്തിയും മഹത്വവും സഭ അറിയുന്നത് കോൺസ്റ്റന്റൈൻ ചക്രവർത്തിയിലൂടെ നാലാം നൂറ്റാണ്ടിലാണ്. സത്യദൈവത്തോട് വിജാതീയനായ കോൺസ്റ്റന്റൈൻ രാജാവിന്റെ പ്രാർത്ഥനയും, ക്രിസ്തു അദ്ദേഹത്തിന് സ്വപ്നത്തിൽ നൽകുന്ന കുരിശിന്റെ അടയാളവും, അത് തന്റെ കൊടിയിൽ മുദ്രണം ചെയ്ത്, അവ വഹിച്ചുകൊണ്ട് ശത്രുരാജാവിനോടുള്ള യുദ്ധവും, പരാജിതനാകും

(ഇടയസന്ദേശം തുടർച്ച പേജ് 5ൽ)



# കൊച്ചച്ചന്റെ സന്ദേശം

ഹായ് ഫ്രണ്ട്സ്,

ത്യാഗം ചെയ്യാൻ വിളിക്കപ്പെട്ടവരാണ് നാം ഓരോരുത്തരും. ഒരു പക്ഷെ എനിക്കും, നിങ്ങൾക്കും ഇതിനു ഇത്തിരി ബുദ്ധിമുട്ടാണ്. ഒരുവൻ അപരന് വേണ്ടി സ്നേഹിക്കാൻ തയ്യാറാകുമ്പോൾ, ക്ഷമിക്കാൻ തയ്യാറാകുമ്പോൾ, എളിമപ്പെടാൻ തയ്യാറാകുമ്പോൾ അവിടെ ത്യാഗം അനുഭവവേദ്യമാകുന്നു. ത്യാഗം നമ്മുടെ സൗന്ദര്യം കൂട്ടും, ശരീരത്തിന്റെയല്ല, മനസ്സിന്റെയും ആത്മാവിന്റെയും. ഇങ്ങനെ ത്യാഗം ചെയ്ത് ഈ ലോകത്തിന് സൗന്ദര്യമേകിയവളാണ് പരി. അമ്മ.

പരി. അമ്മ ത്യാഗത്തിന്റെ മൂർത്തിഭാവമാണ്. പരി. അമ്മയുടെ ജനനതിരുനാളിന് സെപ്റ്റംബർ 8 - നമ്മൾ ഒരുങ്ങുകയാണ്. ഈ ലോകത്തിന് രക്ഷ നേടാനായി സ്വന്തം ജീവിതം രക്ഷകനായി ത്യാഗം ചെയ്തവളാണ്. 'ഇതാ കർത്താവിന്റെ ദാസി' എന്ന് പറഞ്ഞതിന്റെ ഓർമ്മദിനമാണ് സെപ്റ്റംബർ 8. ഞാനും നിങ്ങളും ഈ ജനനതിരുനാളിന് നന്നായി ഒരുങ്ങണം. പരി. അമ്മ അനുഭവിച്ച യഥാർത്ഥമായ സ്വാതന്ത്ര്യവും, സന്തോഷവും അനുഭവിക്കാനായി, നമ്മുടെ ജീവിതസാഹചര്യങ്ങളെ ഐശ്വര്യപൂർണ്ണമാക്കാൻ വേണ്ടി ത്യാഗമെടുത്ത്, 8 ദിവസം നോമ്പെടുത്ത് നമുക്ക് ഒരുങ്ങാം. ക്രിസ്തു നമ്മെ സ്നേഹിച്ചതുപോലെ നമുക്കും എല്ലാവരെയും സ്നേഹിക്കാം.

with love

**കൊച്ചച്ചൻ**





(പേജ് 5ൽ നിന്ന് തുടർച്ച)

എന്ന് കരുതിയ യുദ്ധത്തിൽ ഉണ്ടായ മഹത്തരമായ വിജയവും, അതുവഴി ക്രിസ്ത്യാനികൾക്ക് ലഭിച്ച സ്വാതന്ത്ര്യവും, അവയിലൂടെ ഉണ്ടായ സഭയുടെ വളർച്ചയും എല്ലാം അനുസ്മരിയ്ക്കുന്നതാണ് ശ്ലീവാകാലം. തിരുസഭയുടെ ശക്തി ക്രിസ്തുവിന്റെ കുരിശാണ്. തിന്മയിൽ നിന്ന് നാം രക്ഷ പ്രാപിച്ചത് ക്രിസ്തുവിന്റെ കുരിശുമരണത്തിലൂടെയാണ്. ക്രിസ്തുവിന്റെ കുർബാന സ്ഥാപനം പൂർത്തീകരിച്ചത് കുരിശിലെ ബലിയിലാണ്. അതുവഴി പരി. കുർബാന നമ്മുടെ ശക്തിസ്രോതസ്സായി. ദുരദുഷ്ടതയിൽ നിന്നും, ശത്രുക്കളിൽ നിന്നും മോചനം ലഭിയ്ക്കുന്നതിനും, ആത്മീയ, ശാരീരിക അപകടങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനും നമുക്ക് കുരിശിൽ നിന്നുള്ള ശക്തി ആവശ്യമാണ്. വി. കുരിശ് ധരിയ്ക്കുന്നതിനോടൊപ്പം തന്നെ, വി. കുരിശിനെ ധ്യാനിച്ചുകൊണ്ട് അർത്ഥം മനസ്സിലാക്കി ആത്മാർത്ഥമായി വരയ്ക്കുമ്പോൾ കുരിശിന്റെ ശക്തി നമ്മിൽ നിറയും. അതുവഴി അനുദിന പ്രതിസന്ധികളിൽ നിന്നും രക്ഷ പ്രാപിയ്ക്കാനാകും. കുരിശിന്റെ കൃപയിൽ വളരുവാൻ കുരിശിന്റെ പുകഴ്ച അനുസ്മരിയ്ക്കുന്ന സെപ്റ്റംബർ മാസം കാരണമാകട്ടെയെന്ന് ആശംസിയ്ക്കുന്നു.

സ്നേഹപൂർവ്വം


നിങ്ങളുടെ വികാരിയച്ചൻ

**ഫാ. ജെയിംസ് വടക്കൂട്ട്**

## ജൂലായ് 2023 ദശാംശം

| | | | | | |
|---|---|---|---|---|---|
| 1. | സെ. വിൻസെന്റ് ഡി പോൾ | 6250 | 15. | സെ. ക്ലാര | 3310 |
| 2. | സെ. ജെയിംസ് | 4400 | 16. | വിമലനാഥ | 9400 |
| 3. | ആവേമരിയ | 2290 | 17. | ലൂർദ്ദ്മാത | – |
| 4. | സെ. തോമസ് | 2420 | 18. | സെ. ജൂഡ് | – |
| 5. | മദർതെരേസ | 2750 | 19. | ഡോൺബോസ്കോ | – |
| 6. | സെ. ജോർജ്ജ് | – | 20. | സെ. സേവ്യർ | 1760 |
| 7. | സെ. റാഫേൽ | 4400 | 21. | സെ. ജോൺ | 6850 |
| 8. | ഹോളി ഫാമിലി | 4730 | 22. | ഗുഡ്ഷെപ്പേർഡ് | – |
| 9. | സെ. മേരീസ് | 8700 | 23. | ലിറ്റിൽ ഫ്ളവർ | 5700 |
| 10. | സെ. ആന്റണീസ് | 7800 | 24. | സെ. ജോസഫ് | – |
| 11. | സെ. എവുപ്രാസ്യ | 1580 | 25. | മേരിമാത | 3500 |
| 12. | സേക്രഡ്ഹാർട്ട് | 5020 | 26. | സെ. ഫ്രാൻസീസ് | – |
| 13. | സെ. സെബാസ്റ്റ്യൻ | – | | **ആകെ** | **80860** |
| 14. | സെ. പോൾ | – | | | |

# ആന്റെർലെക്ടിലെ വി. ഗൈ
## സെപ്തംബർ 12



ബ്രദർ. സനിൽ മേനാച്ചേരി



"നിങ്ങളുടെ ജോലി എന്തു തന്നെയായിരുന്നാലും മനുഷ്യനെയല്ല, ദൈവത്തെ സേവിക്കുന്നതുപോലെ ഹൃദയപരമാർത്ഥതയോടെ ചെയ്യുവിൻ" (കൊളോ: 3:23)

ബാലനായ ഗൈയ്ക്കു രണ്ടു മിത്രങ്ങളാണ് ഉണ്ടായിരുന്നത്; ദൈവാലയവും, ദരിദ്രജനവും. പ്രാർത്ഥനാസക്തി വർദ്ധിച്ചപ്പോൾ അവൻ ബ്രസ്സെൽസിലുള്ള സ്വഭവനം ഉപേക്ഷിച്ചു ലേർക്കെനിൽ ദൈവമാതാവിന്റെ തീർത്ഥത്തിങ്കൽ പോയി പ്രാർത്ഥനയിൽ ജീവിക്കാൻ തുടങ്ങി. പുരോഹിതന്മാർ അവനോട് അവിടെ താമസിച്ചു ശുശ്രൂഷകൾ നടത്താൻ ആവശ്യപ്പെട്ടു. ദേവാലയം ശുശ്രൂഷിച്ചു, അധികനേരവും അവിടെ തന്നെ തങ്ങി. പകൽ ദരിദ്രരെ സഹായിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ആത്മസംതൃപ്തി.

ഒരിക്കൽ ബ്രസ്സെൽസിലെ ഒരു വ്യാപാരി ഗൈക്ക് ഒരു സഹായമെന്നവണ്ണം തന്റെ വ്യാപാരത്തിൽ ഒരോഹരി അവനു കൊടുത്തു. ദരിദ്രസേവനത്തിനു പണം കിട്ടുമല്ലോ എന്നു കരുതി ആ ജോലി അദ്ദേഹം ഏറ്റെടുത്തു. എന്നാൽ ഒന്നാമത്തെ യാത്രയിൽത്തന്നെ അവരുടെ കപ്പൽ നശിച്ചുപോയി. തിരികെ വന്നപ്പോൾ പഴയ കപ്യാരു ജോലിക്കു വേറെയാൾ നിയമിക്കപ്പെട്ടു. തന്നിമിത്തം ശേഷം കാലം വളരെ കഷ്ടപ്പെട്ടു. തന്റെ അസ്ഥിരതക്കുള്ള ഒരു പ്രായശ്ചിത്തമായി ആ കാലഘട്ടത്തെ അദ്ദേഹം കണ്ടു. യാത്രകൾ കൊണ്ടും മറ്റും ക്ഷീണിതനായ ഗൈ ഒരു ആശുപത്രിയിൽ പ്രവേശിച്ചു; താമസിയാതെ മരണമടഞ്ഞു. തൽസമയം ഒരു പ്രകാശം വീശുകയും നിത്യസമ്മാനം പ്രാപിച്ചതായി ഒരു സ്വരം കേൾക്കുകയും ചെയ്തു. ആത്മീയമായും ഭൗതികമായും നമുക്ക് സാധിക്കുന്ന ശുശ്രൂഷകൾ നമ്മുടെ ഇടവക ദേവാലയത്തിന് നൽകികൊണ്ട് വിശുദ്ധന്റെ മാർഗ്ഗം നമുക്കും പിന്തുടരാം.





## ചിന്താവിഷയം

# ആർ നിന്നെ സുഖപ്പെടുത്തി ?
## (യോഹ 9: 9-12)



അവലംബം : ധ്യാനനിലയം ജെ. എം. ജ്ഞാനപ്രകാശം
തയ്യാറാക്കിയത് : നിമ്മി ആന്റ്ലോ, വിമലനാഥ യൂണിറ്റ്



1. അന്ധനെ ചോദ്യം ചെയ്യുന്ന ജനാവലി.
2. എന്നെ സുഖപ്പെടുത്തിയവൻ യേശുവാകുന്നു.

ഭിക്ഷ ഇരന്നു ജീവിച്ചിരുന്ന ആ കുരുടനെ കാഴ്ചയുള്ളവനായി കണ്ടപ്പോൾ ആളുകൾ അത്ഭുതപ്പെട്ടു. ഇവൻ പണ്ടു തങ്ങൾ കണ്ടിട്ടുള്ള യാചകൻ തന്നെയാണോ എന്നു പോലും അവർ സംശയിച്ചു. 'നീ എങ്ങനെ സുഖപ്പെട്ടു ? എന്നു ചോദിച്ചവരോടെല്ലാം, യേശു എന്നെ സുഖപ്പെടുത്തി' എന്ന് അവൻ വ്യക്തമായി പറഞ്ഞു.

ആ കുരുടന്റെ ധൈര്യവും, യേശുവിനോടുള്ള വിശ്വസ്തതയും ശ്രദ്ധിക്കുക. തനിക്കു ലഭിച്ച അനുഗ്രഹം മുഴുവനും യേശുവിൽ നിന്നാണെന്ന് അയാൾ പരസ്യമായി പ്രഖ്യാപിക്കുന്നു. നാം എന്തായിരിക്കുന്നുവോ, അത് ദൈവകൃപയാലാകുന്നു. നമുക്കു ഉള്ളതും നാം ആയിരിക്കുന്നതും ദൈവം നമുക്കു സ്നേഹദാനമായി നൽകിയിട്ടുള്ളവയാണ്. അതുകൊണ്ട് അവയ്ക്കു നാം ദൈവത്തോട് എന്നെന്നും നന്ദിയുള്ളവരായിരിക്കണം. നമുക്കുള്ളവ മുഴുവനായി ദൈവത്തിന്റേതാണെങ്കിൽ അവയെ നാം നമ്മുടെ സ്വന്തം കാര്യങ്ങൾക്കുവേണ്ടിയല്ല ഉപയോഗിക്കേണ്ടത്; ദൈവത്തിന്റേതായിരിക്കുന്നവയെ നാം ദൈവത്തിനു വേണ്ടിയും അവിടുത്തെ മക്കൾക്കുവേണ്ടിയും ഉപയോഗിക്കേണ്ടതാണ്.

യേശുവിനെ ഏറ്റുപറയുന്നതിൽ ആ അന്ധൻ കാണിച്ച ധൈര്യവും വിശ്വസ്തതയും അനുകരണാർഹമാണ്. യേശുവിനെകുറിച്ച് അയാൾ ലജ്ജിക്കുന്നില്ല. തനിക്കുള്ളവ മുഴുവൻ യേശു തന്നതാണെന്നു പറയുന്നതിൽ അയാൾ അഭിമാനം കൊള്ളുന്നു. സ്വന്തം കാര്യങ്ങൾ നേടുന്നതിനുവേണ്ടി സൗകര്യപൂർവ്വം നമ്മളിൽ ചിലരെങ്കിലും നമ്മുടെ ക്രിസ്തീയത്വം മറച്ചുവയ്ക്കാറില്ലേ ? മനുഷ്യപുത്രനെ ഭൂമിയിൽ മനുഷ്യരുടെ മുമ്പിൽ ഏറ്റുപറയാൻ നാം ലജ്ജിച്ചാൽ, സ്വർഗ്ഗത്തിൽ പിതാവിന്റെ മുമ്പിൽ നമ്മെ ഏറ്റുപറയാൻ ക്രിസ്തുവും ലജ്ജിക്കും.

കർത്താവാണ് നമ്മെ സുഖപ്പെടുത്തിയിട്ടുള്ളതെന്നു നമുക്ക് ഉറച്ച ബോധ്യം വേണം. നാം സുഖപ്പെട്ടു കഴിയുമ്പോളുണ്ടാകുന്ന ആരോഗ്യം കർത്താവിനു വേണ്ടിത്തന്നെ ജീവിക്കാൻ ഉപയോഗിക്കേണ്ടതാണ്. 'സുഖപ്പെടുന്നതുവരെ കർത്താവിനെ ആശ്രയിക്കും സുഖപ്പെട്ടു കഴിയുമ്പോൾ കർത്താവിനെ മറന്നു സ്വന്തം കാര്യങ്ങൾക്കായി ജീവിക്കുക എന്ന മനഃസ്ഥിതി തെറ്റാണ്. ദൈവത്തിനു വേണ്ടി ജീവിക്കാത്ത ദിവസങ്ങളത്രയും നിനക്കു നഷ്ടപ്പെട്ടതായി കരുതി കൊള്ളുക.

**Peter Trust**
**Play School** 9 a.m. - 3 p.m.
**Day Care** 9 a.m. - 5 p.m.
Faith Care Safe

**കളി പള്ളിക്കൂടം, ശിശുഭവൻ**

Kura, Nellikkunnu, P. O. Eastfort,
Thrissur - 680 005
Admission Started
Contact 8086652495, 9496675527


Peter Academy
കീബോർഡ്, ഗിറ്റാർ, വയലിൻ, ഡ്രംസ്, വോക്കൽ, ഡാൻസ്
Contact : 0487 2424626, 9645850608





കഥ

# നട്ടുച്ചയ്ക്ക് ഇരുട്ട്



**തോമസ് കോമ്പാറ**

അപ്പാപ്പൻ മോന്റെ ചെറിയ കുട്ടിയെ കാലത്ത് അംഗൻവാടിയിൽ കൊണ്ട് ചെന്നാക്കും. ഉച്ചതിരിഞ്ഞ് പോയി കൊണ്ടുവരും.

ഇപ്പോൾ അവിടെയും ഇവിടെയും കുട്ടിയെ കാണാനില്ല. അപ്പാപ്പന്റെ കൂടെ എസ്കോർട്ടായി നടക്കുന്ന നായ മണം പിടിച്ച് പരക്കം പാച്ചിലായി.

കുറച്ച് കഴിഞ്ഞപ്പോൾ നായ അപ്പാപ്പന്റെ മുണ്ട് കടിച്ച് വലിച്ച് കൊണ്ടുപോയി. ചെന്ന് പെട്ടതോ ആൾപെരുമാറ്റം കുറഞ്ഞൊരു ദിക്കിൽ. ഒരു പഴയ വീട്. അതിനകത്ത് മയക്ക് മരുന്ന് കഴിച്ച് കിറുങ്ങിയിരിക്കുന്ന ചെറുപ്പക്കാർ.

കരഞ്ഞുകൊണ്ട് നിൽക്കുന്ന കുട്ടിയെ കണ്ട് അപ്പാപ്പൻ കുഴഞ്ഞു വീണു.

ഉച്ചയുറക്കത്തിന്റെ കിടക്കയിൽ മെല്ലെ അപ്പാപ്പൻ കണ്ണ് തുറന്ന് എണീറ്റിരുന്നു. ഇപ്പോൾ പഴയ വീടും നായയും കരയുന്ന കുട്ടിയും ഇല്ല.

ഇതാ അമ്മൂമ്മയുടെ കൈയ്യും പിടിച്ച് കുട്ടി വരുന്നു; പുഞ്ചിരിയോടെ. വാലാട്ടി കൊണ്ട് നായയും കൂടെയുണ്ട്. അമ്മൂമ്മ പറഞ്ഞു: "നിങ്ങൾ എന്തോ ദുസ്വപ്നം കണ്ട് പിച്ചും പേയും പറയുന്ന കേട്ടു. പിന്നെ ഞാൻ പോയി.


നായ അപ്പാപ്പനെ നോക്കി ചിരിയ്ക്കുന്നുണ്ടായിരുന്നു. അപ്പാപ്പൻ ചിരിച്ചില്ല. തന്റെ പല്ലില്ലാത്ത ചിരി നായ കാണണ്ട.

*Be healthy........ Be safe with Homoeopathy*
**ഡോ. സ്മിത ജോസഫ്** B.H.M.S.
SRA 43, ശാസ്ത്രി റോഡ്, നെല്ലിക്കുന്ന്
പരിശോധന സമയം : 4.30 p.m. - 7.30 p.m.
Booking : 9744766901

# ദിവ്യകാരുണ്യ അത്ഭുതങ്ങൾ



ജോളി മൈക്കിൾ
(സേക്രഡ് ഹാർട്ട് യൂണിറ്റ്)



**7. ഒഫിതാ, ഇറ്റലി 1273–1280**

1273ൽ വി. അഗസ്റ്റിനോസ് ദൈവാലയത്തിൽ ഒരു മഹാത്ഭുതം സംഭവിച്ചു. അവിടെ മാംസമായി മാറിയ ദിവ്യകാരുണ്യം ഒരു പൂജിത തിരുശേഷിപ്പായി ഇന്നും പൊതുദർശനത്തിനായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. 13–ാം നൂറ്റാണ്ടിൽ ജൂവാനി ഭാറ്റിസ്റ്റാദോരിയാ എന്ന വ്യക്തി എഴുതിയ സാക്ഷ്യപത്രവും 1295ൽ 7–ാം ബോനിഫസ് മാർപാപ്പയും 1585ൽ 5–ാമൻ സിക്സ്ട്രസ് മാർപാപ്പയും പുറപ്പെടുവിച്ച കല്പനകളും ആന്റിനോരി, ഫില്ലാ എന്നിവരുടെ സാക്ഷ്യങ്ങളും വി. അഗസ്റ്റിനോസ് പള്ളിയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

1273ൽ ലാൻസിയോനോയിൽ ജീവിച്ചിരുന്ന റിച്ചിയാരല്ലാ എന്നു പേരുള്ള സ്ത്രീ തന്റെ ഭർത്താവ് ജിയാക്കേമോസ്താസിയോയുടെ സ്നേഹം തിരികെ ലഭിക്കുവാൻ എന്തു ചെയ്യണമെന്ന് ഒരു മന്ത്രവാദിനിയുടെ ഉപദേശം തേടിപ്പോയി. മന്ത്രവാദിനി പറഞ്ഞതനുസരിച്ച് അവർ പള്ളിയിൽ പോയി ദിവ്യകാരുണ്യം സ്വീകരിച്ച് വീട്ടിലേക്ക് കൊണ്ടുവന്ന് പൊടിച്ച് ഭർത്താവിന്റെ ഭക്ഷണത്തിൽ ചേർത്തു കൊടുക്കുവാനുള്ള ഉദ്ദേശ്യത്തോടെ ദിവ്യകാരുണ്യത്തെ ഒരു കലത്തിൽ ഇട്ടു. എന്നാൽ ദിവ്യകാരുണ്യം ഉടനടി മാംസമായി മാറിപ്പോയി. പേടിച്ചരണ്ടുപോയ റിച്ചിയാരല്ലോ രക്തം പുരണ്ട് മാംസമായി മാറിയ ദിവ്യകാരുണ്യത്തെ കലത്തോടൊപ്പം ഒരു തുണിയിൽ പൊതിഞ്ഞ് ഭർത്താവിന്റെ തൊഴുത്തിൽ കുഴിച്ചിട്ടു. ജിയോകോമോ തന്റെ കഴുതയെ ആലയിലേക്ക് കൊണ്ടുപോകുന്ന വഴിക്ക് ദിവ്യകാരുണ്യം കുഴിച്ചിട്ട സ്ഥലത്തെത്തുമ്പോഴൊക്കെ കഴുത മുട്ടുമടക്കി വണങ്ങുന്നത് ശീലമാക്കി. ഇപ്രകാരം ഓരോ തവണയും കഴുത വണങ്ങുന്നതു കണ്ട ഭർത്താവ് തന്റെ ഭാര്യ എന്തെങ്കിലും മന്ത്രവാദം ചെയ്തിട്ടുണ്ടാവാം എന്ന് സംശയിച്ചു. ഏഴുവർഷങ്ങൾക്കുശേഷം റിച്ചിയാരല്ലാ താൻ ചെയ്ത തെറ്റിനെയോർത്ത് മനസ്തപിച്ച് ലാൻസിയാനോയിലെ ജിയോകോമോ ഡിയോനവല്ലവി എന്ന് പേരായ അഗസ്റ്റീനിയൻ വൈദികന്റെയടുത്ത് ചെന്ന്





കുമ്പസാരം നടത്തി. കുമ്പസാരം കേട്ട വൈദീകൻ തൊഴുത്തിൽ കുഴിച്ചിട്ടിരുന്ന പാത്രവും രക്തം പുരണ്ട തുണിയും യാതൊരുവിധ മാറ്റവും കൂടാതെ നിലകൊണ്ട മാംസവും തിരികെ എടുത്തുകൊണ്ടുവന്നു. തിരിശേഷിപ്പുകൾ സൂക്ഷിക്കുവാനായി ഒരു മരക്കുരിശ് പണിയുവാൻ ഒരു ആശാരിയെ കൊണ്ടുവന്നു. അയാൾക്ക് വിശുദ്ധ വസ്തുക്കളെക്കുറിച്ച് ഒന്നും അറിയില്ല. അയാൾ വിശുദ്ധവസ്തുക്കൾ സ്പർശിച്ചയുടൻ പനി പിടിച്ചു. വൈദീകൻ അയാളോട് കുമ്പസാരിച്ചിട്ടുണ്ടോ എന്ന് ചോദിച്ചു. എന്തുകൊണ്ടെന്നാൽ പരി. കുർബാനയെ സ്പർശിക്കുന്നതിന് മുമ്പായി കുമ്പസാരം നടത്തി വിശുദ്ധി നേടിയിരിക്കണം. അയാൾ കുമ്പസാരിച്ചിട്ടില്ല എന്നു പറഞ്ഞു. ഉടൻ തന്നെ അയാൾ കുമ്പസാരിച്ച് വിടുതൽ പ്രാപിച്ചപ്പോൾ അയാളുടെ പനി വിട്ടുമാറി പിന്നീട് ദിവ്യകാരുണ്യം സൂക്ഷിച്ചിരുന്ന അരുളിക്കയെ ആ കുരിശ്ശിൽ വൈദികൻ നിക്ഷേപിച്ചു. ഈ തിരുശേഷിപ്പിനെ ഒഫിതായിലെ വി. അഗസ്റ്റിനോസ് ദൈവാലയത്തിൽ ഇന്നും കാണാം.

രചന :
**റവ. ഫാ. ജോനത്തൻ കപ്പൂച്ചിൻ**

If you think Comfortable... I am on the way
My Dreams TRAVELS
Joe Davis (Jimmy)
09349992228
07907553846
09387992228
Day Night Service
Tourist Vehicles
Chelakottukara, Thrissur-5.
Ph: 0487-2429866 (Res)


റിയൽ എസ്റ്റേറ്റ് സർവ്വീസ്
വീടും സ്ഥലവും കൊടുക്കാനുള്ളവർ വിളിക്കുക
9495093030
❖ നെല്ലിക്കുന്ന് ഇടവകയിൽ 5 സെന്റ് സ്ഥലവും ഓട് വീടും 28 ലക്ഷം ❖ 3 സെന്റ് സ്ഥലം വീട് 28 ലക്ഷം.
❖ ചൂലിശേരി 20 സെന്റ് സ്ഥലം. സെന്റിന് 1.50 ലക്ഷം.

# ക്രിസ്തുവിനു പിന്നാലെ

## സ്വയം താഴ്ത്തി ചിന്തിക്കുക



സി. നീത ടെസ്സിൻ

ഏവരും അറിവു സമ്പാദിക്കാൻ ആശിക്കുന്നുണ്ട്. എന്നാൽ ദൈവഭയം കൂടാതെയുള്ള അറിവ് കൊണ്ടെന്തു പ്രയോജനം ? തൻകാര്യം തള്ളിക്കൊണ്ട് ആകാശമണ്ഡലത്തിന്റെ ഗതി നിരീക്ഷണം ചെയ്യുന്ന ശാസ്ത്രജ്ഞനെക്കാൾ കൂടുതൽ നല്ലവനാണ് ദൈവത്തെ സ്നേഹിക്കുന്ന പാവപ്പെട്ട കൃഷീവലൻ. തന്നെ നന്നായറിയുന്നവൻ തന്റെ ദൃഷ്ടിയിൽ ഏറ്റവും ഹീനനും മനുഷ്യരാൽ പുകഴ്ത്തപ്പെടുന്നതിൽ ആനന്ദം കണ്ടെത്താത്തവനുമത്രേ.

ലോകത്തിലുള്ള സർവ്വവും ഞാനറിഞ്ഞാലും സർവ്വേശ സ്നേഹമില്ലെങ്കിൽ എന്റെ പ്രവൃത്തികൾക്കനുസൃതമാകുംവണ്ണം എന്നെ വിധിക്കുന്ന സർവ്വേശ്വരന്റെ മുമ്പിൽ എനിക്കെന്തു പ്രയോജനം ? അറിവു സമ്പാദിക്കാനുള്ള അമിതമായ ആഗ്രഹത്തെ അടക്കി നിർത്തുക. എന്തുകൊണ്ടെന്നാൽ അതിന്റെ ഫലം വഞ്ചനയും മതചാപല്യവുമത്രേ. ജ്ഞാനികൾ ജ്ഞാനികളായി അറിയപ്പെടാനും വിളിക്കപ്പെടാനും ആഗ്രഹിക്കുന്നു. അറിയുന്നതുകൊണ്ട് ആത്മാവിന് അശേഷം പ്രയോജനമില്ലാത്ത കാര്യങ്ങൾ അനേകമുണ്ട്. ആത്മരക്ഷയ്ക്ക് ഉപകരിക്കാത്ത സംഗതികളിൽ മുഴുകിയിരിക്കുന്നവൻ ബുദ്ധിഹീനനത്രേ. അമിതസംസാരം ആത്മാവിനെ സംതൃപ്തിപ്പെടുത്തുകയില്ല. സുകൃതജീവിതം മനസ്സിനെ ആശ്വസിപ്പിക്കുന്നു. നിർമ്മലമനസാക്ഷി ദൈവശരണം വർദ്ധിപ്പിക്കുന്നു. നീ എത്രയ്ക്ക് വിജ്ഞാനിയാണോ അത്രയ്ക്ക് നിന്റെ ജീവിതം പരിപാവനമല്ലെങ്കിൽ നിനക്കുള്ള ശിക്ഷാവിധി കഠിനമായിരിക്കും.

ശാസ്ത്രത്തിലോ കലയിലോ പ്രാവീണ്യം സമ്പാദിച്ചിട്ടുള്ളതിനെ പ്രതി നീ അഹങ്കരിക്കരുത്. പ്രത്യുത നിനക്കു തന്നിട്ടുള്ള പാണ്ഡിത്യത്തെ ഓർത്തു ഭയത്തോടെ വ്യാപരിക്കുക. നിനക്കു വളരെ കാര്യങ്ങൾ അറിയാമെന്നും എല്ലാം നന്നായി ഗ്രഹിക്കാൻ കഴിയുമെന്നും തോന്നുന്നുണ്ടെങ്കിൽ നിനക്ക് അറിഞ്ഞുകൂടാത്ത അനേകം സംഗതികൾ ഇനിയുമുണ്ടെന്നു നീ ധരിച്ചാലും. നിനക്കു വലിയ പാണ്ഡിത്യമുണ്ടെന്നു ഭാവിക്കരുത്. നിന്റെ അജ്ഞത സമ്മതിച്ചു പറയുക. നിന്നേക്കാൾ വിജ്ഞരും നിയമശാസ്ത്രപടുക്കളും





ധാരാളമുള്ളപ്പോൾ നീ അന്യരേക്കാൾ കേമനാണെന്ന് എന്തിനു നടിക്കുന്നു ? പ്രയോജനകരമായവ അറിയുവാനും പഠിക്കുവാനും നീ ആഗ്രഹിക്കുന്നെങ്കിൽ അറിയപ്പെടാതിരിക്കാൻ നീ ആശിക്കുക. ശൂന്യമായി പരിഗണിക്കപ്പെടുവാൻ നീ ഇച്ഛിക്കുക. എത്രയും സമുന്നതവും പ്രയോജനകരവുമായവ ശാസ്ത്രം തന്നെ അറിയുകയും തദനുസാരം സ്വയം നിന്ദിക്കുകയുമത്രേ.

തന്നെതന്നെ ഉയർത്താതെ അന്യരെ എപ്പോഴും പുകഴ്ത്തുകയും നല്ലവരായി മതിക്കുകയും ചെയ്യുന്നതാണ് മഹത്തായ വിജ്ഞാനവും പരിപൂർണ്ണതയും. അന്യൻ പരസ്യമായി പാപം ചെയ്യുന്നതോ ഭയങ്കര തിന്മ പ്രവർത്തിക്കുന്നതോ നീ കാണുകയാണെങ്കിൽക്കൂടി നീ അവനേക്കാൾ നല്ലവനാണെന്നു കരുതേണ്ട. നീ എത്രനാൾ നല്ലവനായി നിലനിൽക്കുമെന്നു നിനക്കു അറിഞ്ഞുകൂടല്ലോ. നമ്മളെല്ലാവരും ബലഹീനരാണ്. എന്നാൽ നിന്നെക്കാൾ ബലഹീനനായി വേറൊരുത്തനുമില്ലെന്ന് നീ ഓർക്കണം.

**വിചിന്തനം :**

മനുഷ്യന്റെ ചിന്തകൾ വ്യർത്ഥവും മായയുമാണെന്നത്രേ വിശുദ്ധ ഗ്രന്ഥം പറയുന്നത്. തന്നെതന്നെ മറന്നും പരിത്യജിച്ചും ദൈവത്തെ അറിഞ്ഞു സ്നേഹിക്കുകയാണു വേണ്ടത്. ദൈവം പഠിപ്പിക്കുന്നതെല്ലാം യാതൊരു സംശയവും കൂടാതെ വിശ്വസിക്കുന്ന പാവപ്പെട്ടവന്റെ സജീവവിശ്വാസം എല്ലാ ശാസ്ത്രത്തെക്കാളും അമൂല്യമാണ്. വിശ്വാസമില്ലാത്തവന്റെ ശാസ്ത്രം അഹങ്കരിക്കുകയേ ഉള്ളൂ. അവന്റെ ഹൃദയം ശുഷ്കമാകും. രക്ഷയ്ക്ക് അത് തെല്ലും ഉപകരിക്കുകയില്ല.

**അനുസ്മരണാവിഷയം :**

നമ്മെളെല്ലാവരും ബലഹീനരാണ്. എന്നാൽ നിന്നെക്കാൾ ബലഹീനനായി വേറൊരുത്തനുമില്ലെന്നു നീ ഓർക്കണം.

**അഭ്യാസം :**

ദൈവത്തെ ഒന്നുകൂടി നന്നായി അറിയുകയും സ്നേഹിക്കുകയും ചെയ്യാൻ ദിനംപ്രതി പുതിയ നിയമം ഒരദ്ധ്യായം വായിക്കുക.


**പരിശുദ്ധാത്മാവിനോടുള്ള പ്രാർഥന (ഉപകാരസ്മരണ)**

**പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവ് തരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നും അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.**

**- എൽസമ്മ**

ലേഖനം

## ഇനി എന്നെ കുഴിയിൽ ചാടിച്ചോ...



**ജേക്കബ്ബ് ചിറയത്ത്**
സെ. വിൻസെന്റ് ഡി പോൾ യൂണിറ്റ്

ഒരു മനോഹരമായ സായാഹനത്തിൽ എന്റെ കുടുംബാംഗങ്ങളോടും ബന്ധുക്കളോടും ഒപ്പം റസ്റ്റോറന്റിൽ ഇരുന്ന് ഭക്ഷണം കഴിച്ച് കൊണ്ടിരിക്കുമ്പോൾ ആ കൂട്ടത്തിൽ വിവാഹപ്രായം എത്തിനിൽക്കുന്ന ഒരു യുവതിയോട് കൂട്ടത്തിൽ ഒരാൾ ചോദിച്ചു – വിവാഹത്തെക്കുറിച്ച് ആലോചിക്കണ്ടേയെന്ന്. ചോദിച്ച ഉടനെ ആ യുവതി അവിടെയുള്ള ദമ്പതികളെ ചൂണ്ടികാണിച്ച് കൊണ്ട് പറഞ്ഞു, ഇവരെ പോലെ എന്നെ കുഴിയിൽ ചാടിക്കാണോ ? എന്ന്. കുഴിയിൽ വീഴ്ത്താൻ പലരും ഉണ്ടാകും പക്ഷെ എങ്കിൽ ഒന്ന് സൂക്ഷിച്ച് നടന്നാൽ കുഴിയിൽ വീഴാതെ നോക്കാം!

ഇന്ന് നമുക്ക് കാണാം ഒരുപാട് വിവാഹിതർ കുഴിയിൽ വീണ് കിടക്കുന്നത്. അതിന്റെ ശരിയായ കാരണം തിരക്കി പോയാൽ നമുക്ക് കണ്ടെത്താം അതിന്റെ കാരണക്കാർ പലപ്പോഴും അവർക്ക് ചുറ്റിലും നിന്ന് ഉപദേശം നൽകുന്നവരാണ് എന്ന്.

ഇവിടെ വീണ് കിടക്കുന്നവരുടെ പങ്ക് എന്ന് പറയുന്നത് ശരിയായ ഉപദേശം അല്ല അവർ സ്വീകരിക്കുന്നത് എന്നുള്ളതാണ്. നമുക്ക് ചുറ്റിലുമുള്ളവർ നമ്മളെ വളർത്താൻ സഹായിക്കുന്നുണ്ടാവാം പക്ഷെ അതിന് ഒരു പരിധി അവർ നിശ്ചയിക്കും. വിവാഹിതരായി ഒരു കുടുംബം ആയി കഴിഞ്ഞാൽ ആ കുടുംബം ഒരു യൂണിറ്റായി. പിന്നെ ആ യൂണിറ്റിനാണ് അതിലുള്ളവർ പ്രാധാന്യം നൽകേണ്ടത്. കുറെ പേരൊക്കെ അങ്ങനെ തന്നെയാണ് ചെയ്യുന്നത്. അങ്ങനെ ചെയ്യാത്തിടത്താണ് പ്രശ്നങ്ങൾ ഉണ്ടാകുന്നത്.

ഡ്രൈവ് ചെയ്യുന്ന നമ്മുടെ ഒപ്പം ഇരിക്കുന്ന വ്യക്തിയുടെ അഭിപ്രായം കേൾക്കാൻ നമ്മൾ ഒരിക്കലും തയ്യാറാവുന്നില്ല. ആ വ്യക്തിയുടെ അഭിപ്രായം കേട്ടിരുന്നുവെങ്കിൽ കുഴിയിൽ വീഴുമായിരുന്നില്ല എന്നുള്ളതാണ് സത്യം. വിവാഹിതർ പരസ്പരം ബഹുമാനിക്കുക, ആശയവിനിമയം നടത്തുക, നിർദ്ദേശങ്ങൾ നല്ലതാണോ എന്ന് ചിന്തിച്ച് സ്വീകരിക്കുക, പുറത്തുള്ളവരെ ഒരു പരിധി വിട്ട് മനസ്സിന് അകത്തേയ്ക്ക് പ്രവേശിപ്പിക്കാതിരിപ്പിക്കുക. അതോടൊപ്പം തന്നെ വി. ലൂക്കായുടെ സുവിശേഷം 12–ാം അധ്യായം 54 മുതൽ 57 വരെയുള്ള വാകൃങ്ങൾ എടുത്ത് വായിക്കുക – കുഴിയിൽ വീഴാതെ നോക്കാം.





ചെറുകഥ

## കാണാതായ ഒറ്റ രൂപ



**ജോജി മോൾ ഷാജു** (ലൂർദ്മാത യൂണിറ്റ്)

എങ്ങും പൂക്കളും ഉന്മേഷവും നിറച്ച് പ്രകൃതിയിതാ വീണ്ടും ഒരു ഓണക്കാലത്തിനായി തയ്യാറെടുക്കുകയാണ്. തൊടിയിലും മുറ്റത്തും അവിടവിടെയായി തുമ്പപൂക്കൾ പൂവിട്ടു തുടങ്ങി. ഓണപരീക്ഷയിതാ ചൂളം വിളിച്ച് പടിവാതിൽക്കലെത്തിയിരിക്കുന്നു. നൈന ടീച്ചറുടെ ഉള്ളിൽ പരീക്ഷയ്ക്കു മുമ്പ് പാഠങ്ങൾ കഴിയാത്ത വേവലാതിയായിരുന്നു.

അടുത്ത പിരീഡായിയെന്ന് അറിയിച്ചുകൊണ്ട് ബെൽ മുഴങ്ങിയപ്പോൾ ടീച്ചർ തിരക്കിട്ട് അടുത്ത ക്ലാസ്സിലേക്ക് വരുന്നതിനിടയിലാണ് വരാന്തയിൽ വച്ച് നിസ്സമോളെ കൂട്ടിമുട്ടുന്നത്. ആ കൂട്ടിമുട്ടലിൽ ടീച്ചറുടെ കൈതട്ടി നിസ്സമോളുടെ കയ്യിലെ പണപൊതി താഴെവീണ് ചിന്നി ചിതറി. നിസ്സമോളുടെ മുഖം ആകെ വിളറി വെളുത്തു. അവളങ്ങനെ പകച്ചുനിൽക്കുമ്പോൾ നൈന ടീച്ചർ അവളോട് സോറി പറഞ്ഞ് നിലത്ത് ഉരുണ്ടുവീണു കിടക്കുന്ന ചില്ലറ പെറുക്കാൻ സഹായിച്ചു. നിസ്സമോൾ ടീച്ചറെ തടഞ്ഞുകൊണ്ട് പറഞ്ഞു, “സാരമില്ല ടീച്ചറേ, ഞാൻ പെറുക്കിയെടുത്തോളാം. ടീച്ചർ ക്ലാസ്സിലേക്ക് പോയിക്കോളൂ...” ടീച്ചർ പിന്നെ ധൃതിയിൽ തന്റെ ക്ലാസ്സിലേക്ക് വച്ചടിച്ചു.

ക്ലോക്കിൽ കൃത്യം നാലുമണിയായപ്പോൾ കാതടപ്പിക്കുന്ന സ്കൂളിലെ കൂട്ടബെല്ലിന്റെ സ്വരം കേൾക്കാം. കുട്ടികളെല്ലാം അടച്ചിട്ടകൂട്ടിൽ നിന്നും തുറന്ന വിട്ട ചിത്രശലഭങ്ങളെപോലെ വാദിച്ചു പറന്ന് പുറത്തുകടന്നു. അവരുടെ സന്തോഷത്തിനതിരില്ലായിരുന്നു. എന്നും സ്കൂൾ വിടുമ്പോഴുള്ള കുട്ടികളുടെ തിക്കും തിരക്കും സന്തോഷവും കണ്ടുനിൽക്കാൻ തന്നെ ഒരു ഹരമായിരുന്നു. ശബ്ദാരവത്തോടെയാണ് അവർ ക്ലാസ് മുറികളിൽ നിന്ന് പുറത്തുകടക്കുക. നൈന ടീച്ചർ തന്റെ ബാഗുമെടുത്ത് വേഗം പുറത്തിറങ്ങി. ബസ്റ്റോപ്പിലേക്ക് നടക്കുന്നതിനിടയിൽ വീട്ടിൽ ചെന്നിട്ട് ചെയ്യേണ്ട കാര്യങ്ങൾ കണക്കുകൂട്ടുകയായിരുന്നു. തന്റെ മോൻ നഴ്സറിക്കാരൻ സ്കൂളിൽ നിന്ന് വന്ന് അമ്മയേയും കാത്ത അമ്മാമ്മയുടെ മടിയിലിരുന്ന് വാശി പിടിക്കുന്നുണ്ടാകും. മോനെക്കുറിച്ചോർത്ത് നടക്കുന്നതിനിടയിൽ ‘ടീച്ചറേ...’യെന്നുള്ള ഒരു പതിഞ്ഞ വിളി കേട്ട് തിരിഞ്ഞുനോക്കി... ‘ആ നിസ്സമോളൊ? എന്താ കുട്ടി...?” അവൾ മറുപടി പറയാതെ പരുങ്ങുന്നത് കണ്ട് ടീച്ചർ വീണ്ടും ചോദിച്ചു. “ടീച്ചറേ, ഒരു

രൂപ..." "ഒരു രൂപ വേണമോ ? എന്തിനാ...?" "അല്ലാ, ടീച്ചറേ, ക്ലാസിലെ ഓണാഘോഷത്തിനുള്ള പൈസ ഞാനാണ് ശേഖരിച്ചത്. അതിന്റെ കണക്കുമായി ഞാൻ ശാരദ ടീച്ചറെ കാണാൻ പോകുന്നതിനിടയിലാണ് ടീച്ചറെ കൂട്ടിയിടിച്ച് എന്റെ കയ്യിൽ നിന്ന് പൈസ താഴെ വീണത്. എല്ലാം വാരിക്കൂട്ടി പെറുക്കിയെടുത്തെങ്കിലും ഒരു രൂപ കുറവുണ്ട്. അത് എത്ര നോക്കിയിട്ടും കിട്ടിയില്ല ടീച്ചറേ...'' പറഞ്ഞു കഴിഞ്ഞതും അവൾ പൊട്ടികരയാൻ തുടങ്ങി.

"അതുപോട്ടെ മോളെ, ആ ഒരു രൂപ ഞാൻ തരാം. അതിനെന്തിനാ മോളിങ്ങനെ കരയുന്നത്...?"

"ടീച്ചറേ, പൈസയുടെ കാര്യങ്ങളൊന്നും കൈകാര്യം ചെയ്യരുതെന്ന് അമ്മ പറഞ്ഞിട്ടുണ്ട്. എനിക്കാണെങ്കിൽ പൈസകൾ കാണുമ്പോൾ അത് ശേഖരിക്കാനും എണ്ണി തിട്ടപ്പെടുത്തി കൊടുക്കാനും ഒത്തിരി ഇഷ്ടമാണ്. കാരണം അച്ഛൻ കുടിയനായതിനാൽ വീട്ടിലെന്നും ബുദ്ധിമുട്ടാണ്. ഇവിടെ ക്ലാസിൽ നിന്നു കിട്ടുന്ന പൈസകളാണ് ഞാൻ ഒന്നിച്ചു കാണുന്ന ഏറ്റവും വലിയ സംഖ്യ. അതുകൊണ്ട് ഞാനാണ് ഈ ചുമതല എന്നും ഏറ്റെടുക്കാറ്. ഇന്നുവരെ ഞാൻ കണക്ക് തെറ്റിക്കാതെയാണ് ശാരദ ടീച്ചർക്ക് കൊടുത്തിട്ടുള്ളത്. ആദ്യമായിട്ടാണ് എന്റെ കയ്യിൽ നിന്ന് ഒരു രൂപ നഷ്ടപ്പെടുന്നത്.

"ടീച്ചറേ, എന്റെ ശാരദ ടീച്ചറോടൊന്ന് പറയാമോ എനിക്കു തന്ന ഈ ചുമതല ഇനിയും തരണമെന്ന്. ഞാനറിഞ്ഞുകൊണ്ട് ആ പൈസ എടുത്തതല്ല... പ്ലീസ് ടീച്ചറേ..."

ഇത്രമാത്രം ജീവിതത്തിൽ ബുദ്ധിമുട്ടുന്ന ഒരു കുട്ടി, കണക്ക് കണിശമായി കൊടുക്കുന്നതും, വിലയുടെ മൂല്യമറിഞ്ഞ് ആത്മാർത്ഥത കാണിക്കുന്നതും കണ്ട് ടീച്ചർ ശരിക്കും ഞെട്ടിപ്പോയി. താൻ എന്തൊക്കെയോ യാണെന്ന് അഹങ്കരിച്ചിരുന്ന ടീച്ചർ ആദ്യമായി അവളുടെ മുമ്പിൽ ഒരു രൂപയേക്കാൾ ചെറുതായി പോയി.



LALEE
DRIVING SCHOOL

Enquiry Office : Chelakkottukara, Near Caico Company
Prop. Mrs. Saly Babu, Mobile : 9895224230
പുരുഷന്മാരെയും സ്ത്രീകളെയും ഡ്രൈവിംഗ് പഠിപ്പിക്കുന്നു
സ്ത്രീകളെ സ്ത്രീകൾ തന്നെ പഠിപ്പിക്കുന്നു.
ഞായറാഴ്ച ദിവസങ്ങളിൽ പഠിക്കുന്നതിന് പ്രത്യേക സൗകര്യം






പൊരുളറിയാൻ :



## ബാറൂക്ക്

**മിനി ജോർജ്ജ് തട്ടിൽ**
**സെ. ജോസഫ് യൂണിറ്റ്**



വി. ബൈബിളിൽ, നമുക്കറിയാവുന്നതുപോലെ പഴയനിയമത്തിൽ, 18 പ്രവാചക ഗ്രന്ഥങ്ങൾ അടങ്ങിയിരിക്കുന്നു. ഇതിൽ ഏശയ്യാ, ജറെമിയാ, എസക്കിയേൽ, ദാനിയേൽ, വിലാപങ്ങൾ ഉൾപ്പെടെയുള്ളത് പ്രധാന പ്രവാചകന്മാരായി അറിയിപ്പെടുന്നു. ബാക്കിയുള്ള 13 ഗ്രന്ഥങ്ങൾ, അവയുടെ നീളം കാരണം ചെറിയ പ്രവാചകന്മാരുടെതായി കരുതപ്പെടുന്നു.

ജറുസലേം പതനത്തിനും, ബാബിലോൺ പ്രവാസത്തിനുമിടയിലുള്ള കാലഘട്ടത്തിലാണ് ബാറൂക്ക് എന്ന പുസ്തകം രചിക്കപ്പെട്ടത്. ബാറൂക്ക് ജറെമിയായുടെ ഗുമസ്തനായിരുന്നു എന്നത് നിസ്തർക്കമായ വസ്തുതയാണ്. ജറുസലേം ആക്രമിക്കപ്പെട്ട് അഞ്ച് വർഷത്തിന് ശേഷമാണ് പുസ്തകം രചിക്കപ്പെട്ടതെന്ന് ബാറൂക്ക് തന്നെ പ്രഖ്യാപിക്കുന്നു (അധ്യായം 1:2). "അനുഗ്രഹിക്കപ്പെട്ടവൻ" എന്നർത്ഥമുള്ള ഹീബ്രു പദമാണ് ബാറൂക്ക്. 6-ാം അദ്ധ്യായത്തിലെ ജറെമിയായുടെ കത്തും വിവിധ പരാമർശങ്ങളും ബാറൂക്കിന്റെ പുസ്തകത്തെ, ജറെമിയാക്കും, വിലാപങ്ങൾക്കും ശേഷം വുൾഗാത്ത ലാറ്റിൻ പരിഭാഷയിൽ ഉൾപ്പെടുത്തി.




ആദ്യ അധ്യായം ആരംഭിക്കുന്നത് ഗ്രന്ഥകാരനെകുറിച്ചും, ബാറൂക്കിന്റെ വംശാവലിയെകുറിച്ചും പുസ്തകം എഴുതിയതിന്റെ പശ്ചാത്തലത്തെകുറിച്ചുമുള്ള ഒരു ഹ്രസ്വവിവരണത്തോടു കൂടിയാണ് (1:1-4). തുടർന്നുള്ള വാക്യങ്ങളിൽ ജറൂസലേമിലെ ജനങ്ങൾ, ജറൂസലേം പതനത്തിന്റെയും പ്രവാസം പിന്തുടരുന്നതിന്റെയും ഉത്തരവാദിത്വം ഏറ്റെടുക്കുന്നു. (1:15-2:10). ഈജിപ്തിന്റെ അടിമത്വത്തിൽ ദൈവം തന്റെ ജനത്തോട്

കാണിച്ച കരുണയെക്കുറിച്ച് അനുസ്മരിപ്പിച്ചുകൊണ്ട്, ആളുകൾ മാപ്പിരന്ന് ദൈവത്തിന്റെ കരുണക്കു വേണ്ടി യാചിക്കുന്നു. (2-11,3-8) ജ്ഞാനസ്തുതിയിലുള്ള പ്രാർത്ഥന (3:9-14). ഇസ്രായേല്യരെ ജ്ഞാനം ഉപേക്ഷിച്ചതിന് ശാസിച്ച ശേഷം, അതിനായി പ്രാർത്ഥിക്കാൻ ക്ഷണിക്കുന്നു. യഥാർത്ഥ ജ്ഞാനം കണ്ടെത്താൻ, മനുഷ്യ പ്രയ്നങ്ങൾ അപര്യാപ്തമാണെന്ന് ബാറൂക്ക് ഓർമ്മിപ്പിക്കുന്നു (3:15-31)

ബാറൂക്കിന്റെ വിവിധ പ്രവചനങ്ങൾ അദ്ധ്യായം 4:5-5:9 വരെ നമുക്ക് കാണാം. നാടുകടത്തപ്പെട്ട ഇസ്രായേല്യരെ അഭിസംബോധന ചെയ്തശേഷം, ബാറൂക്ക് ജറൂസലേമിന്റെ അയൽവാസികളേയും, ഒടുവിൽ ജറൂസലേമിനെ തന്നെയും അഭിസംബോധന ചെയ്യുന്നു. അവസാനത്തെ അധ്യായം 6:1-73 വരെയുള്ള വാക്യങ്ങൾ പത്ത് ഉപദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഹ്രസ്വ കത്താണ്. വിഗ്രഹാരാധന, ഗ്രീക്ക് സംസ്കാരം എന്നിവയെക്കുറിച്ച് പ്രവാചകൻ നിശിതമായി സംസാരിക്കുകയും, ദൈവത്തിന്റെ യഥാർത്ഥ ചിത്രം കാണിക്കുകയും ചെയ്യുന്നു. ഈ പ്രവാചകഗ്രന്ഥം, ഈ കാഘട്ടത്തിനനുസരിച്ച് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും നമ്മെ ശക്തരാക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്...

(തുടരും...)






2023 സ്നേഹദൂത് സെപ്റ്റംബർ

ചുറ്റുവട്ടം

## ലഹരി നുരയും മദ്യനയം



**ജോസഫ് ഒ.ഡി.**

മദ്യവർജ്ജനമാണ് സർക്കാരിന്റെ നയമെന്ന് എക്സൈസ് മന്ത്രി. മന്ത്രി ഇത് ആവർത്തിച്ച് കൊണ്ടേയിരിക്കുന്നു. എന്നിട്ട് മദ്യവിപണനത്തിനുള്ള സർവ്വ സാധ്യതകളും തുറന്നിടുന്നതാണ് കേരള സർക്കാരിന്റെ പുതിയ മദ്യ നയം. ഇനി പുതിയ ബാറുകളും ബിയർ - വൈൻ പാർലറുകളും തുറക്കുന്നതിന് യാതൊരു പ്രയാസവുമില്ലാത്ത നയമാണ് സർക്കാർ എടുത്തിരിക്കുന്നത്. മദ്യവ്യാപനമാണ് സർക്കാർ നയമെന്ന് ഒറ്റനോട്ടത്തിൽ പുതിയ മദ്യനയം പരിശോധിച്ചാൽ ഏതൊരാൾക്കും ബോധ്യപ്പെടും. വേറെയൊന്നും കിട്ടിയില്ലെങ്കിലും എവിടെയും മദ്യം കിട്ടുന്ന സ്ഥിതി ഇവിടെ രൂപപ്പെടുകയാണ്. മദ്യത്തിന്റെ വിപണനസാധ്യതകൾ പരമാവധി തുറന്നിട്ടുള്ള പുതിയ മദ്യനയത്തിനു പിന്നിൽ ലൈസൻസ് ഫീ ഇനത്തിൽ കോടികൾ സർക്കാർ പ്രതീക്ഷിക്കുന്നു. മദ്യം കൊണ്ടുള്ള സാമ്പത്തിക നേട്ടത്തിന് സർക്കാർ ശ്രമിക്കുമ്പോൾ അതുണ്ടാക്കുന്ന ആരോഗ്യ-സാമൂഹിക പ്രത്യാഘാതങ്ങൾ ആശങ്കയുളവാക്കുന്നതാണ്. യുവതിയുവാക്കൾ കൂടുതൽ ഇതിന് അടിമകളാകും. ചാരായം നിരോധിച്ച് കേരളം മദ്യവർജ്ജനത്തിലേക്ക് പോവുന്നതിൽ നിന്നുള്ള തിരിച്ച് നടത്തമാണ് സർക്കാരിന്റെ പുതിയ മദ്യനയത്തിൽ കാണുന്നത് മദ്യം കിട്ടിയില്ലെങ്കിൽ ജനങ്ങൾ മറ്റ് ലഹരി തേടിപോകുമെന്നുള്ള പ്രചരണങ്ങൾ പിടിച്ച് നിൽക്കാനുള്ള ജൽപനങ്ങൾ മാത്രമാണ്. കോവിഡ് കാലത്തെ ലോക്ഡൗൺ മദ്യം ഒരവശ്യവസ്തു വല്ലെന്ന് ഇവിടെ തെളിയിച്ചതാണ്.

എല്ലാ കുറ്റകൃത്യങ്ങളുടെയും പശ്ചാത്തലം പരിശോധിച്ചാൽ മദ്യമുൾപ്പെടെയുള്ള ലഹരിയാണ് വില്ലനാവുന്നത്. ആലുവയിലെ അഞ്ച് വയസ്സുകാരിയുടെ ക്രൂര കൊലപാതകം നടത്തിയ മനുഷ്യമൃഗം മദ്യമടക്കമുള്ള എല്ലാ ലഹരികളുടെയും ഗുണഭോക്താവാണ്. ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ ആവോളം അനുഭവിച്ച് കൊണ്ടിരിക്കുന്ന സമൂഹമാണ് നമ്മുടേത്. കൊച്ചുമക്കൾ പോലും ലഹരിക്കടിമപ്പെട്ട് മുത്തശ്ശൻ - മുത്തശ്ശി എന്നിവരെയും, മക്കൾ

മാതാപിതാക്കളെയും, ഭർത്താവ് ഭാര്യയേയും, തിരിച്ചും അതിക്രൂരമായി കൊലപ്പെടുത്തുന്ന സംഭവങ്ങൾ നാൾക്ക് നാൾ കൂടികൊണ്ടിരിക്കുന്നു. അമിത മദ്യപാനം കുടുംബബന്ധങ്ങൾ താളം തെറ്റിക്കുന്നു ഒപ്പം വിവാഹമോചനക്കേസുകളും ഏറിവരുന്നു. ഇതൊക്കെ ഉത്തരവാദപ്പെട്ടവർക്ക് നിഷേധിക്കാനാവുമോ ? മദ്യ ഉപയോഗം വഴി ഉണ്ടാവുന്ന രോഗങ്ങൾ കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത തകർക്കുന്നു. സംസ്ഥാനത്തിന്റെ ഏറ്റവും ശ്രദ്ധേയമായ വരുമാനസ്രോതസ്സാണ് മദ്യവിൽപനയും – വിനോദസഞ്ചാരവും. സർക്കാരിന്റെ പുതിയ മദ്യനയം ടൂറിസം മേഖല സ്വാഗതം ചെയ്ത് കഴിഞ്ഞു. ഇവന്റ് മാനേജ്മെന്റും മദ്യമൊഴുക്കുന്നതിനെ സ്വാഗതം ചെയ്യുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 14500 കോടിയുടെ മദ്യവരുമാനം സർക്കാരിനുണ്ടായി. തൊട്ട്മുമ്പുള്ള വർഷത്തേക്കാൾ 350 കോടി കൂടുതലാണിത്. ട്രഷറി കാലിയായി കിടക്കുമ്പോൾ സർക്കാർ മദ്യം വിടുമോ ?

കള്ള് പോഷകസമൃദ്ധമാണെന്ന് മന്ത്രിമാർ പോലും പറയുന്നു. അത് പ്രധാന നേതാക്കൾ ഏറ്റ്പാടുന്നു. എന്താണതിൽ സംശയമെന്ന് എം.എൽ.എ. ചോദിക്കുന്നു. എന്നാപിന്നെ സ്കൂളുകളിൽ വിളമ്പിക്കൂടെ ? വാടാനപ്പള്ളിയിലെ കള്ള് ഷാപ്പിൽ നിന്ന് യുവാവും പ്രായപൂർത്തിയെത്താത്ത പെൺകുട്ടിയും കള്ള് വാങ്ങി അടിച്ച് സ്നേഹതീരം ബീച്ചിൽ ലക്ക് കെട്ട് കിടന്നത് കള്ള് പോഷകസമൃദ്ധമായത് കൊണ്ടായിരിക്കും. അത് പിന്നീട് വിചിത്രകേസായി. കള്ള് വാങ്ങാൻ വന്നവരുടെ പ്രായം നോക്കാതെ കള്ള് കുപ്പിയിലാക്കി കൊടുത്തതിന് ഷാപ്പിന്റെ ലൈസൻസ് സസ്പെന്റ് ചെയ്തിരിക്കുകയാണ്. അന്തിക്കാടിനടുത്ത് പത്താം ക്ലാസ്സിൽ പഠിക്കുന്നവൻ രാവിലെ വീട്ടിൽ നിന്നും പോയി സന്ധ്യയായിട്ടും കാണാതെ വന്നപ്പോൾ അന്വേഷിച്ചിറങ്ങിയവർ പോലും ഞെട്ടി. ബോധം നഷ്ടപ്പെട്ട് ഒരിടത്ത് കിടക്കുകയാണവൻ. പോക്കറ്റിൽ ബിവറേജിന്റെ ബില്ലും. അന്വേഷണം ത്വരിതഗതിയിലായി. കുട്ടിയുടെ മാതാപിതാക്കൾ പരാതി കൊടുക്കുന്നു. പതിനെട്ട് തികയാത്ത കുട്ടിക്ക് മദ്യം കൊടുത്ത ജീവനക്കാരൻ കേസും കൂട്ടുമായി നടക്കുകയാണ്. അല്ലാതെ കുട്ടിക്കും മാതാപിതാക്കൾക്കൊന്നുമല്ല കുറ്റം! മകന് മദ്യം കൊടുത്ത ബിവറേജിലെ ജീവനക്കാരനാണ് പ്രശ്നക്കാരനായത്. വാടാനപ്പള്ളിയിലെത്തിയ പെൺകുട്ടി കൊടകരക്കാരിയാണ്. ഇൻസ്റ്റഗ്രാം വഴിയാണ് യുവാവിനെ പരിചയപ്പെട്ടതെന്ന് പിന്നീടുള്ള ചോദ്യം ചെയ്യലിൽ





വ്യക്തമായി. ഭാഗ്യം ഇൻസ്റ്റഗ്രാമിനെ കേസിൽ കുടുക്കുമോ ? അറിയില്ലാട്ടോ. ഏകദേശം അയ്യായിരത്തോളം കള്ള് ഷാപ്പുകൾ കേരളത്തിലുണ്ട്, പോഷകസമൃദ്ധമായ ഭക്ഷ്യവിഭവത്തിന് കാത്തിരിക്കാം.


മദ്യം ലഹരിയാണോ ? ലഹരി കിട്ടിയില്ലെങ്കിൽ അതാരെങ്കിലും കഴിക്കുമോ ? അപ്പോൾ കഞ്ചാവ്, എം.ഡി.എം.എ., കൊക്കെയ്ൻ മുതലായവ ലഹരി തന്നെയല്ലേ കൊടുക്കുന്നത്. അപ്പോൾ അവയെ നിരോധിത ഉൽപന്നമെന്ന് വിളിക്കണോ ? മദ്യവിൽപന കുറഞ്ഞിട്ടില്ലായെന്നത് അഭിമാനത്തോടെ പറയുന്ന മന്ത്രിയെ എത്ര അഭിനന്ദിച്ചാലും മതിയാകില്ല. ഐ.ടി. കേന്ദ്രങ്ങളിലെ മദ്യശാല, ഇനി വിനോദകേന്ദ്രങ്ങളിലെ, വ്യവസായ പാർക്കുകളിലെ എന്നു വേണ്ട എവിടെയും ലഹരി നുരയാനുള്ള മദ്യശാലകൾ സുലഭം. മദ്യകേരളം സർക്കാരിന് ഗുണം ചെയ്യുമെങ്കിലും അത് പൊതുജനങ്ങളെയും, ധാർമ്മിക – സനാതന മൂല്യങ്ങളെയും തകർക്കുക തന്നെ ചെയ്യും. ഇനിയെങ്കിലും ലഹരി ബോധവത്ക്കരണത്തിന് ഖജനാവിൽ നിന്ന് കോടികൾ കളയരുത് അതാണ് ആത്മാർത്ഥതയുണ്ടെങ്കിൽ കാണിക്കേണ്ടത്.


Mob : 9446526685
8590231210

ROBEL
Tours & Travels
"BEAUTIFUL VIBES ARE WAITING FOR YOU"
Thrissur, Anchery
Amose Corner



വിവാഹം, വിനോദം, തീർത്ഥാടനം എന്നിവയ്ക്ക് സമീപിക്കുക
12 Seat, 17 Seat, 20 Seat, 26 Seat Available

**ഉപകാരസ്മരണ**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായെ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായവും ചെയ്യുന്നതിന് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. – **അഭയ് ജോർജ്ജ്**

ലേഖനം

# പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം



ട്രീസ ബാബു



പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ മംഗളവാർത്ത മുതൽ സ്വർഗ്ഗാരോപണം വരെ "ഇതാ കർത്താവിന്റെ ദാസി" എന്ന ഭാവത്തോടെ നിന്ന പരിശുദ്ധ മറിയത്തെ, മരണമില്ലാത്ത നിത്യതയിലേക്ക് ദൈവം ഉയർത്തിയ ദിനം. ആദിമാതാപിതാക്കളുടെ പാപത്തിന്റെ ഫലമായി നമുക്ക് നഷ്ടപ്പെട്ട പറുദീസ വീണ്ടെടുക്കാൻ മനുഷ്യന് കഴിയില്ലായിരുന്നു. സ്വർഗ്ഗത്തിലേക്കുള്ള യാത്ര മനുഷ്യന് അസാധ്യമായി വന്നപ്പോഴാണ് പിതാവ് തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചത്. അവിടുത്തെ കുരിശ്ശിലെ ബലിയർപ്പണത്തിലൂടെയാണ് നാം സ്വർഗ്ഗരാജ്യം വീണ്ടെടുത്തത്. പരിശുദ്ധ അമ്മ സ്വർഗ്ഗത്തിലേക്ക് കയറിപോകുമ്പോൾ അമ്മ നമ്മളോട് വില കൊടുക്കേണ്ട ആവശ്യകതയെ കുറിച്ച്, വില കൊടുത്ത് നമ്മെ സ്വന്തമാക്കിയ ദൈവത്തിന്, നമ്മൾ എന്ത് വില കൊടുക്കണമെന്ന് നമ്മെ പഠിപ്പിക്കുന്നുണ്ട്.

തന്റെ ജീവിതം കൊണ്ട് ദൈവത്തിന് വിലകൊടുത്തവളുടെ പേരാണ് മറിയം. ദൂതന്റെ വാക്കുകൾക്ക് 'ആമ്മേൻ' എന്ന് മറുപടി പറഞ്ഞതിനുശേഷം, തന്റെ ജീവിതത്തിൽ സംഭവിച്ച എല്ലാ കാര്യങ്ങളേയും പരിശുദ്ധ അമ്മ ദൈവഹിതമായി നോക്കി കണ്ടു. ഏത് പ്രതിസന്ധി വന്നപ്പോഴും, ഏത് ജീവിത സാഹചര്യങ്ങളിലൂടെ കടന്നുപ്പോയപ്പോഴും "അങ്ങയുടെ ഹിതം എന്നിൽ നിറവേറട്ടെ" എന്ന് പറഞ്ഞവളാണ് പരിശുദ്ധ അമ്മ.

നന്മയുടെയും പരിശുദ്ധിയുടെയും പ്രതീകമായ മറിയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട തിരുനാളാണ് സ്വർഗ്ഗാരോപണ തിരുനാൾ. മറിയത്തോടുള്ള






ഭക്തിയും ബഹുമാനവും എന്നും കാത്തുസൂക്ഷിക്കുന്നവരാണ് കത്തോലിക്ക വിശ്വാസികൾ. വി. ഗ്രന്ഥത്തിൽ അധിഷ്ഠിതമായ ആ ഭക്തിക്ക് ശക്തവും ദൃഢവുമായ ഒരു പാരമ്പര്യവും ഉണ്ട്. ലോകത്തിൽ മറ്റാർക്കും ഇല്ലാത്ത ചില പ്രത്യേകതകളാണ് മറിയത്തിനുള്ളത്. ജന്മപാപം ഇല്ലാതെ ജനിച്ച ഏക വ്യക്തിയാണ് മറിയം. അതുപോലെ തന്നെ, കർമ്മം കൊണ്ടും, പാപരഹിതയാണ് പരിശുദ്ധ അമ്മ. പരിശുദ്ധാത്മാവിനാൽ ഗർഭം ധരിച്ച ഏക സ്ത്രീ. ലോകരക്ഷകന്റെ അമ്മയാകാൻ തിരഞ്ഞെടുക്കപ്പെട്ടവൾ സ്വർഗ്ഗത്തിന്റെയും ഭൂമിയുടേയും രാജ്ഞിയായി ആദരിക്കപ്പെട്ടു. 1950 നവംബർ 1ന് 12-ാം പിയൂസ് മാർപാപ്പയാണ് പരി. മറിയത്തിന്റെ സ്വർഗ്ഗാരോഹണം വിശ്വാസ സത്യമായി പ്രഖ്യാപിച്ചത്. പരി. അമ്മ ഭൂമിയിലെ ജീവിതത്തിന്റെ അവസാനത്തിൽ ഉടലോടെ സ്വർഗ്ഗത്തിന്റെ മഹത്ത്വത്തിലേക്ക് എടുക്കപ്പെട്ടു എന്ന വിശ്വാസത്തെയാണ് അദ്ദേഹം പ്രഖ്യാപിച്ചത്.

ഭൂമിയിലെ നമ്മുടെ നശ്വരമായ ജീവിതം അവസാനിക്കുമ്പോൾ, നാം നയിക്കപ്പെടുന്ന പാതയിലേക്കാണ് ഈ തിരുനാൾ നമ്മുടെ കണ്ണുകൾ തിരിക്കുന്നത്. സഭയുടെ പ്രതിസന്ധിഘട്ടങ്ങളിലെല്ലാം സഭ ഏറ്റവും അധികം ആശ്രയിച്ചിരുന്നത് പരിശുദ്ധ അമ്മയുടെ ജപമാലയിലാണ്. അമ്മയാരാണെന്ന് മനസ്സിലാക്കാൻ നാം ജപമാലയുടെ രഹസ്യങ്ങൾ ഒന്ന് ആഴത്തിൽ ചിന്തിച്ച് പ്രാർത്ഥിച്ചാൽ മതി. കരയുന്നവരുടെ ആശ്വാസമാണ് അമ്മ. തന്റെ ദിവ്യകുമാരന് ജന്മം കൊടുക്കാൻ കാലിതൊഴുത്ത് ലഭിച്ചപ്പോഴോ, തന്റെ മകന്റെ പീഡാസഹനവും കുരിശുമരണവും നേരിട്ടനുഭവിച്ചപ്പോഴും ഒരിടത്തും അമ്മ പരാതി പറയുന്നില്ല. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുക, ദൈവത്തിന്റെ ഹിതം എന്താണോ അത് അനുസരിക്കുക എന്ന മറിയത്തിന്റെ മഹനീയ മാതൃക നമുക്കും അനുകരണീയമാണ്.

ജീവിതാവസാനത്തിനുശേഷവും നമുക്കും മാതാവിനെ പിഞ്ചെല്ലാൻ കഴിയുമെന്ന പ്രതീക്ഷയാണ് സ്വർഗ്ഗാരോപണിരുനാൾ നമുക്ക് നൽകുന്നത്. ജപമാല എന്ന ആയുധം കൈയിലേന്തി അമ്മയുടെ കൈപിടിച്ച് നമുക്കും മുന്നേറാം. ഒരിക്കൽകൂടി, മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് നിർത്തുന്നു.



**ഉപകാരസ്മരണ**

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായെ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായവും ചെയ്യുന്നതിന് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. – **ഇവാന ജോർജ്ജ്**

ഫീച്ചർ

# ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട



ഏ.ഡി. ഷാജു

എന്നെകുറിച്ച് മറ്റുള്ളവർ പറയുന്നത് എന്താണ്. നല്ല മനുഷ്യൻ, പാവം. ഒരു ശല്ല്യക്കാരൻ അല്ല. ഇങ്ങനെയാണ് എന്ന് നമ്മൾക്ക് തോന്നിപോകാം. പക്ഷെ നമ്മളെകുറിച്ച് മറ്റുള്ളവർ പറയുന്ന കാര്യങ്ങൾ എന്തായിരിക്കും എന്ന് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ.

നല്ലൊരു സുഹൃത്ത് നമുക്ക് ഉണ്ടെങ്കിൽ അവർ നമ്മളെകുറിച്ച് വ്യക്തമായി പറഞ്ഞു തരും. കണ്ണാടിയിൽ നോക്കുമ്പോൾ നമ്മൾ കാണുന്ന രൂപമുണ്ട്. അതാണ് അവൻ പറയുന്നത്. കൂട്ടുകാരന് മാത്രമേ നമ്മുടെ കുറവുകളും കഴിവുകളും പറഞ്ഞ് തരാൻ എളുപ്പം സാധിക്കുക.

ഒരാളുടെ പ്രതിച്ഛായയാണ് നമ്മൾ ആദ്യം മനസ്സിലാക്കേണ്ടത്. പ്രതിച്ഛായ വ്യക്തിജീവിതത്തിന്റെ സ്പന്ദനമാണ്. നമ്മുടെ പെരുമാറ്റം, വ്യക്തിത്വം, മനസ്സ് ഇതൊക്കെ ആന്തരിക ചിന്തകളിൽ നിന്ന് ബാഹ്യപ്രകടനമായി രൂപപ്പെടും. നമ്മുടെ സ്വയം വിലയിരുത്തൽ ആവശ്യമായതാണ് പ്രതിച്ഛായ കണ്ടെത്തി അറിയുന്നതിന്. നമ്മുടെ വികാരം, വിചാരം, പ്രവർത്തി എന്നിവയുടെ സങ്കരമാണ് പ്രതിച്ഛായ.

ഒന്നോ രണ്ടോ അതിൽ വലിയതെന്ന് ചോദിച്ച കുട്ടികൾ നമ്മുടെ ഇടയിൽ ഉണ്ട്.

ഒന്നല്ല, രണ്ടാണ് വലിയതെന്ന് കണക്കിൽ പറയുക. എന്നാൽ ഒരു വീട്ടിൽ മൂത്തവനാണ് ഒന്നാമൻ. ഇത് പ്രായോഗിക ചിന്തയുടെ മനഃശാസ്ത്രം.

നമ്മുടെ പെരുമാറ്റത്തിലും ശാരീരിക ചലനങ്ങളിലുമാണ് പ്രതിച്ഛായ നിർണ്ണയിക്കുക.

നമ്മൾക്ക് മറ്റുള്ളവരിൽ നിന്ന് ലഭിക്കുന്ന “ഗുഡ്‌വിൽ” അഥവ വിലയാണ് കണക്കാക്കുന്നത്. എങ്ങനെയാണ് നല്ല പ്രതിച്ഛായ ഉണ്ടാക്കുക, വ്യക്തിജീവിതത്തിൽ അതിന് വേണ്ട കാര്യങ്ങൾ നോക്കാം. ഏറ്റവും മുഖ്യമായത് അപകർഷത ഇല്ലാതാക്കണം. സ്വപ്നജീവിതത്തിൽ നിന്ന് യാഥാർത്ഥ്യലോകത്തിലേയ്ക്ക് വരണം. നല്ല ചിന്തയോടെ എന്നും എഴുന്നേൽക്കുക. വിജയം നേടുമെന്ന് വിശ്വസിക്കുക. ലോകത്തിനു മുമ്പിൽ നല്ല ആത്മവിശ്വാസത്തോടെ പെരുമാറാൻ തുടങ്ങുക. സത്യസന്ധത, ആത്മാർത്ഥത, ഉത്തരവാദിത്വബോധം, സ്വയം വിലയിരുത്തൽ എന്നിവ






ഉണ്ടാകണം. ബാഹ്യമായ വേഷം ധരിച്ച് ഉയർന്നവനാണെന്ന് തോന്നിപ്പിക്കുന്ന വിധത്തിലുള്ള പെരുമാറ്റം വേണ്ട. എളിമ, സ്നേഹം, ത്യാഗം, നീതി, ക്ഷമ എന്നിവയായിരിക്കണം അനുവർത്തിക്കേണ്ടത്. മുഖം നന്നാകാത്തതിന് കണ്ണാടി നശിപ്പിച്ചിട്ട് കാര്യമില്ല. സ്വത്വബോധം ഉണ്ടാകണം. മറ്റുള്ളവരെ അറിയാനും സ്നേഹിക്കാനും കഴിയണം. മനുഷ്യരെ നല്ലവരായി കാണുന്ന സ്വഭാവം സ്വീകരിക്കണം. നന്മയിലേക്ക് നടന്നുകയറുന്നവരാണ് നല്ല പ്രതിച്ഛായ ഉള്ളവർ.






## കളറിങ് മത്സരം 9/2023 (മതബോധന വിദ്യാർത്ഥികൾക്ക്)

ഈ ചിത്രം കളർ ചെയ്ത് സെപ്റ്റംബർ 15ന് മുമ്പായി സ്നേഹദൂത് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക. ഏറ്റവും മനോഹരമായി കളർ ചെയ്ത ചിത്രത്തിന് സമ്മാനം. പങ്കെടുക്കുന്നവർ ചിത്രത്തിന്റെ എല്ലാ ഭാഗത്തും കളറിങ് നടത്താൻ ശ്രദ്ധിക്കണം.



പേര്..........................................................................

യൂണിറ്റ്.....................................................................

ക്ലാസ്സ്......................................................................

അഡ്രസ്സ്....................................................................

ഫോൺ........................................................................

## കളറിങ് മത്സരം 8/2023

വിജയി : ജീനസ് സി. ജിനോ, ACC I





ചിന്താസരണി

## പുതിയ തലമുറയും ചിന്തകളും – 1



ഡോ. കെ. ജെ. കുഞ്ഞിപ്പാലു
അഡ്വക്കേറ്റ്

സമ്പത്ത്, സംസ്കാരം, നാഗരികത, വിദ്യാഭ്യാസം... എന്നിവ വളരെ വേഗതയിൽ മാറുന്നു. കണ്ടതിനപ്പുറം കണ്ടെത്തലുകൾക്കായി പുതിയ തലമുറ സമയം ചിലവഴിക്കുന്നു. ഭാവിക്കുവേണ്ടിയുള്ള സഹന രീതി പുതിയ തലമുറ ഉപേക്ഷിച്ചിരിക്കുന്നു. വൈകിയ ഉറക്കവും, വൈകിയ ഗുഡ്മോർണിംഗും ഇവർ ഇഷ്ടപ്പെടുന്നു. അധ്യാപകരില്ലാത്ത ക്ലാസ്മുറി, മാതാപിതാക്കളില്ലാത്ത വീട്, കുരിശ്ശില്ലാത്ത പള്ളി, നിയമങ്ങളില്ലാത്ത റോഡുകൾ എന്നിവ ഈ തലമുറ ഇഷ്ടപ്പെടുന്നു.

സത്യം, നീതി, ഉപദേശം, കഠിന പ്രയത്നം, കഥകൾ എന്നിവ ഈ തലമുറ ഇഷ്ടപ്പെടുന്നില്ല. അതാത് സമയത്തെ യാഥാർത്ഥ്യങ്ങളെ അതാത് സമയത്ത് നേരിടുകയെന്നതാണ് ഇവരുടെ തത്വം. ബസ്സ് കാത്ത് നിന്ന് അത് ലഭിക്കാതെ വന്നപ്പോൾ പരിചയമുള്ള ഒരാളുടെ വണ്ടിയിൽ കയറിപോന്നു എന്നുള്ളതിൽ എന്ത് തെറ്റാണ് ഉള്ളത് എന്ന ഇവരുടെ ചോദ്യം വളർച്ചക്കപ്പുറം ചിന്തിച്ചാൽ ശരിയല്ലെ ? 'ഞാൻ നല്ലവൻ' എന്ന് കാണിക്കാൻ ഈ തലമുറ സമയം കളയാറില്ല. സെക്സ് എന്നത് അതാത് സമയത്തെ സാഹചര്യത്തിനനുസരിച്ച് സിദ്ധാന്തമുണ്ടാക്കി ഇവർ ഉപയോഗിക്കുന്നു. വിധി രൂപമില്ലാത്ത ബോളും, ഭാഗ്യം ഭാരമില്ലാത്ത കല്ലുമാണ് എന്ന് ഇവർ മനസ്സിലാക്കിയിരിക്കുന്നു. ദൈവത്തിന്റെ പേര് പറഞ്ഞ് ഈ തലമുറയെ പേടിപ്പിക്കാൻ ഒരുങ്ങേണ്ടതില്ല. കെട്ടിയ കയറുകൾ ഇവർ അഴിച്ചുകൊണ്ടിരിക്കുന്നു.

പുതിയ തലമുറയെ എങ്ങിനെ കൃത്യതയുള്ള വഴിയിലേക്കാനയിക്കും ?

ഒരിക്കൽ ഒരു അമേരിക്കൻ പത്രമെഴുതി :- "ഈ തലമുറ വളരെ മോശമാണ്. മദ്യം, ലഹരി, ലൈംഗീകത ഇവയിൽ ഈ യുവതലമുറ അഴിഞ്ഞാടുന്നു". പിറ്റേദിവസം ഒരു യുവാവിന്റെ കത്ത് പത്രാധിപർക്ക് ലഭിച്ചു. അതിങ്ങനെയായിരുന്നു:- "താങ്കൾ പറഞ്ഞത് ശരിയാണ്. ഞങ്ങൾ താങ്കൾ പറഞ്ഞുപോലെയാ

ണ് 90%വും. പക്ഷെ ഒരു ചോദ്യം:- ഞങ്ങൾ ജനിച്ചപ്പോഴെ ഇങ്ങനെയായിരുന്നുവോ ? പിറ്റെ ദിവസം ആ പത്രക്കാരൻ അന്യപേജിൽ വലിയ അക്ഷരത്തിൽ എഴുതി, "അമേരിക്കൻ യുവജനങ്ങളെ മാപ്പ്?".

പുതിയ തലമുറയോട് വരും കാലങ്ങളിൽ ഈ സമൂഹം മാപ്പ് പറയേണ്ടി വരും.

ശ്രദ്ധിക്കുക:-

1. പുതിയ തലമുറക്ക് ഒരു മോഡൽ കാണിച്ചുകൊടുക്കാൻ നമ്മുടെ പക്കലുണ്ടോ ? (മതം, രാഷ്ട്രീയം, വിദ്യാഭ്യാസ രീതി, അദ്ധ്യാപനകല, മാതാപിതാക്കളുടെ അറിവും, നേട്ടങ്ങളും, മാതാപിതാക്കളുടെ പക്വത...)

2. വേഗതയുടെ ലോകത്തിൽ പുതിയ തലമുറക്ക് കാഴ്ചപ്പാടും, ഉൾക്കാഴ്ചയും നൽകുന്ന ഒരു അറിവിന്റെയും, തൊഴിലിന്റെയും, സംസ്കാരത്തിന്റെയും ഒരു സിസ്റ്റം കാണിച്ചുകൊടുക്കുവാൻ ഭരണാധികാരികൾക്ക് സാധിച്ചിട്ടുണ്ടോ ?

3. സത്യസന്ധതയുടെ, ആത്മീയതയുടെ, ക്രിയാത്മക ചിന്തകൾ പുതിയ തലമുറക്ക് കാണിച്ച് കൊടുക്കുവാൻ മതങ്ങൾക്ക് സാധിച്ചിട്ടുണ്ടോ ? (തുടരും)


# മുട്ട് മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ ഇനി വേണ്ട!!

**നടുവേദന, മുട്ട് വേദന, കഴുത്ത് വേദന എന്നിവയ്ക്ക് X-Ray, MRI എന്നിവ പരിശോധിച്ച് ശാസ്ത്രീയമായി ചികിത്സിക്കുന്നു.**

**ബുക്കിംഗ് : 9895711726, 9961258199, 7012142804**

**മരിയൻ ആയുർവ്വേദ പഞ്ചകർമ്മ ചികിത്സ ക്ലിനിക്ക്**

ബുക്കിംഗ്: 9895711726, 7012142804; **6 am to 9 pm**

**ജീസസ് ലെയിൻ, നെല്ലിക്കുന്ന് / പ്രിയദർശിനി നഗർ, പറവട്ടാനി**






## സംഘടനകൾ... പ്രവർത്തനങ്ങൾ...

### സീനിയർ സി.എൽ.സി. കുടുംബസംഗമം

2023 ആഗസ്റ്റ് മാസം 13-ാം തിയ്യതി ഞായറാഴ്ച 6 മണി മുതൽ പള്ളിയുടെ താഴെയുള്ള ഹാളിൽ വെച്ച് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടന്ന കുടുംബസംഗമത്തിൽ പ്രസിഡന്റ് ശ്രീ. ബിജു കോട്ടപ്പറമ്പിൽ സ്വാഗതപ്രസംഗം നടത്തി. ബഹു. വികാരി ഫാ. ജെയിംസ് വടക്കൂട്ട് കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. ബഹു. അസി. വികാരി ഫാ. ജിതിൻ നെല്ലങ്കര സന്ദേശം നൽകി. സെക്രട്ടറി ശ്രീ. ജോജൻ പടയാറ്റിൽ റിപ്പോർട്ട് അവതരിപ്പിച്ചു. നടത്തുകൈക്കാരൻ ശ്രീ. ജോർജ്ജ് വലിയവീട്ടിൽ, സി.എൽ.സി. രൂപത പ്രസിഡന്റ് ശ്രീ. എ. ഡി. ഷാജു മാസ്റ്റർ എന്നിവർ ആശംസ പ്രസംഗം നടത്തി. കുടുംബസംഗമം 2023 വളരെ മനോഹരമാക്കി തീർക്കുന്നതിന് ശ്രീ. സിജോ ദേവസ്സി, അലിന്റ് വാഴപ്പിള്ളി, മെസ്റ്റിൻ എടാട്ടുകാരൻ എന്നിവർ നേതൃത്വം നൽകി. മെമ്പർമാരിൽ വിവാഹജീവിതത്തിന്റെ 25 വർഷം പൂർത്തിയാക്കിയ 7 ദമ്പതികളെ പൊന്നാട അണിയിച്ചും മെമ്മന്റൊ നൽകിയും ആദരിച്ചു. മുതിർന്നവരും, കുട്ടികളും അവതരിപ്പിച്ച കലാപരിപാടികൾക്കുശേഷം സ്നേഹവിരുന്നും ഉണ്ടായിരുന്നു. പരിപാടികളുടെ സമാപനവേളയിൽ ശ്രീ. സിജോ ദേവസ്സി നന്ദി പറഞ്ഞു. 9 മണിയോടെ കുടുംബസംഗമം 2023 സമാപിച്ചു.

### ബൈബിൾ ക്വിസ് 8/2023 വിജയികൾ

**ശരിയുത്തരങ്ങൾ അയച്ച എല്ലാ കൂട്ടുകാർക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ.**

1. ജോആൻ കാതറിൻ ജോയ്, VI A
2. ബ്രിജിറ്റ് സി. ബി., VI A
3. ലിയ സണ്ണി ACC
4. ഫേലിസ് സിന്റോ, IV B
5. സാൻപ്രിൻസ് VI B
6. ആന്റണി നിയോ ജോർജ്, ACC
7. സനോ പ്രിൻസ്, VIII A
8. ആഗ്നസ് സിന്റോ, IX B
9. ബിബ ബാബു, X A
10. അലൻ പോളി, VIII A
11. അൻവിയോ അജയ്, VIII A
12. അൻലിൻ മരിയ പോളി, XII B
13. അൻവിദ അജയ്, XI A
14. ആൻഡ്രിയ ജോസ്, IX A
15. ബിബിയ ബാബു, IV A
16. ഫെലിക്സ് പി. സുനിൽ, VIII B
17. ആൻവിയ പ്രിൻസ്, V A
18. അശ്വിൻ സി. വി., VIII B
19. എമ്മാനുവേൽ ലിയോൺ, IV B

## ബൈബിൾ ക്വിസ് 9/2023

### മതബോധന വിദ്യാർത്ഥികൾക്ക് (ലൂക്കാ 17 – 20 അധ്യായങ്ങൾ)

1. ആർക്കെതിരെ നീതി നടത്തി തരണമെന്നാണ് വിധവ ആവശ്യപ്പെട്ടത് ?
2. എവിടേക്കുള്ള യാത്രക്കിടയിലാണ് യേശു പത്ത് കുഷ്ഠരോഗികളെ സുഖപ്പെടുത്തിയത് ?
3. ലോത്ത് സോദോമിൽ നിന്നും ഓടിപോയ ദിവസം എന്ത് സംഭവിച്ചു ?
4. സക്കേവൂസിന്റെ പട്ടണം
5. മനുഷ്യപുത്രൻ വന്നിരിക്കുന്നത് എന്തിന് വേണ്ടിയാണ് ?
6. പത്ത് നാണയം പ്രഭു എത്ര ഭൃത്യന്മാരെയാണ് ഏൽപ്പിച്ചത് ?
7. പുരോഹിതപ്രമുഖനോടും നിയമജ്ഞനോടും ജനപ്രമാണികളോടും ദേവാലയത്തിൽ വച്ച് യേശു ചോദിച്ച ചോദ്യം എന്താണ് ?
8. ദനാറയിൽ ഉള്ള രൂപവും ലിഖിതവും ആരുടേതാണ് ?
9. പുനരുത്ഥാനം നിഷേധിക്കുന്നവർ ആരാണ് ?
10. ആരും ഒരിക്കലും കയറിയിട്ടില്ലാത്ത കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നത് എവിടെ ?

**ഉത്തരങ്ങളിൽ അദ്ധ്യായവും വാക്യവും ചേർക്കേണ്ടതാണ്.**
ഉത്തരങ്ങൾക്ക് മുകളിൽ ക്വിസ് നമ്പർ ചേർത്ത് ഈ മാസം 15ന് മുമ്പ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക, പേരിനൊപ്പം പഠിക്കുന്ന ക്ലാസ് എഴുതേണ്ടതാണ്.

**ഉത്തരങ്ങൾ 8/2023**

1. വ്യഭിചാരം (ലൂക്കാ. 16:18), 2. ദൈവരാജ്യത്തിന്റെ സുവിശേഷം (ലൂക്കാ. 16:16), 3. പതിനെട്ടുപേർ (ലൂക്കാ. 13:4), 4. സ്വന്തം കുരിശ് വഹിക്കാതെ (ലൂക്കാ. 14:27), 5. ഫരിസേയർ (ലൂക്കാ. 13:31), 6. കൂടുതൽ സന്തോഷമുണ്ടാകും (ലൂക്കാ. 15:7), 7. അബ്രാഹം, ധനവാനോട് (ലൂക്കാ. 16:29), 8. നിയമജ്ഞരോടും, ഫരിസേയരോടും (ലൂക്കാ. 14:3), 9. ജറുസലെമിനു (ലൂക്കാ. 13:33), 10. ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ (ലൂക്കാ. 14:13)

JOHNSON MASTER MEMORIAL
MUSIC ACADEMY
JANATHA ROAD, CHELAKKOTTUKARA
PH : 0487 2421036, MOB : 9349820992



Violin, Guitar, Carnatic Music, Key Board





## ക്വിസ്

നമ്പ്ര് : 9/2023

താഴെകാണുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതി
ഈ മാസം 15നു മുമ്പ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക.
തിരഞ്ഞെടുക്കപ്പെടുന്ന ഒരാൾക്ക് സമ്മാനം നൽകുന്നു.

*ചോദ്യങ്ങൾ : (കഴിഞ്ഞ ലക്കം സ്നേഹദൂതിൽ നിന്ന്)*

1. വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ തിരുസഭ എന്നാണ് കൊണ്ടാടുന്നത്?
2. മാർപാപ്പയുടെ ഡീക്കൻ എന്നറിയപ്പെട്ടിരുന്ന വിശുദ്ധൻ ?
3. എന്താണ് പരിപൂർണ്ണമായ സ്വാതന്ത്ര്യമെന്ന് വി. ഗ്രന്ഥം പറയുന്നത് ?
4. കണ്ണുനീരിന്റെ പ്രവാചകൻ ?
5. വിലാപങ്ങൾ എന്ന പദം രൂപപ്പെടുന്നത് ഏത് ഹീബ്രു വാക്കിൽ നിന്നാണ് ?

| *ക്വിസ് 8/2023 ഉത്തരങ്ങൾ* | *വിജയി* |
|---|---|
| 1. ജൂലായ് 16<br>2. ഹലോ<br>3. യെശയ്യാ<br>4. പരിശുദ്ധ പിതാവ് 9-ാം ഗ്രിഗോറിയോസ് പാപ്പ<br>5. വി. ലോറൻസ് | **അന്നറോസ് സജീവ്**<br>St. Raphel Unit |

### ജൂബിലി മിഷൻ മെഡിക്കൽസ് തിരിച്ചറിയൽ മത്സരം 9/2023

സമ്മാനം സ്പോൺസർ ചെയ്യുന്നത് :
**ജൂബിലി മിഷൻ മെഡിക്കൽസ്, മിഷ്യനാശുപത്രിക്കു മുൻവശം, തൃശ്ശൂർ, ഫോൺ : 9496214911**

ആളെ തിരിച്ചറിയൂ... സമ്മാനം നേടൂ... ബോക്സിൽ കൊടുത്തിട്ടുള്ള ചിത്രത്തിൽ നിന്ന് യഥാർഥ വ്യക്തിയുടെ പേര് വൈറ്റ് പേപ്പറിൽ എഴുതി ഈ മാസം 15ന് മുമ്പ് ബുള്ളറ്റിൻ ബോക്സിലിടുക.



**തിരിച്ചറിയൽ മത്സരം – 8/2023**
**ഉത്തരം : ഉമ്മൻ ചാണ്ടി**
**വിജയി**
**ഷീബ സൈമൺ**
**സെന്റ് മേരീസ് യൂണിറ്റ്**





യുണൈറ്റഡ് ഡ്രൈവിങ്ങ് സ്കൂൾ

Reg. No. L1/2/2001/R

പനമ്പിള്ളി ബിൽഡിങ്ങ്, വളർക്കാവ്, തൃശൂർ - 6 Mob : 9562483260

Off : 0487 - 2428290,

Joseph Mathew, Mob : 9447442286

NB : ഞായറാഴ്ചകളിൽ സ്പെഷ്യൽ ബാച്ച് ആരംഭിച്ചിരിക്കുന്നു.

സ്ത്രീകളെ സ്ത്രീകൾ തന്നെ പഠിപ്പിക്കുന്നു.



ബ്യൂ - ഐഡൽ

ബ്യൂട്ടിപാർലർ

ഗാന്ധിഗ്രാമം റോഡ്,

ഹൗസ് നമ്പർ : 16, വളർക്കാവ്

ഫോൺ : 7736184901

ബിന്ദു ജോസഫ് : 9656338007

3000 രൂപ മുതൽ ബ്രൈഡൽ മെയ്ക്ക് അപ്പ് കല്ല്യാണവർക്കുകൾ ചെയ്തുകൊടുക്കുന്നതാണ്.

സുധർമ

മെട്രോപൊളിസ് ലബോറട്ടറി

കിഴക്കേ കോട്ട ഷോപ്പിംഗ് കോംപ്ലക്സ്,
കിഴക്കേ കോട്ട ജംഗ്ഷൻ

7902474474, 9895359097, 9744110888

SUDHARMA METROPOLIS The Pathology Specialist



വീട്ടിൽ വന്ന് സാംപിൾ എടുക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്

LAB TIMING Monday - Saturday 7 AM - 5 PM






## കുടുംബകൂട്ടായ്മ - വചനവായന, സമയങ്ങൾ


വചനത്തിന്റെ ചുരുളിൽ ജീവിതത്തിന്റെ പൊരുളുണ്ട്. ഈ പൊരുൾ കുടുംബസമ്മേളനത്തിൽ കണ്ടെത്താൻ നമുക്ക് പരിശ്രമിക്കാം.


| | | | |
|---|---|---|---|
| **ഒന്നാം ഞായർ 03 – 09 – 2023** | | | |
| 1. | സെ. എവുപ്രാസ്യമ്മ | 2.30 pm | പടയാട്ടിൽ യോഹന്നാൻ ജോജൻ, ഐക്യനഗർ |
| 2. | സെ. മദർ തെരേസ | 3.15 pm | വാർഷികം - **സെപ്റ്റംബർ 10,** പള്ളി ബേസ്മെന്റ് ഹാൾ |
| 3. | സെ. ജോൺ | 4.00 pm | കാഞ്ഞൂക്കാരൻ ജോർജ്ജ് ജേക്കബ്ബ്, ലൂണ സ്ട്രീറ്റ് |
| 4. | സെ. തോമസ് | 2.30 pm | കാഞ്ഞിരത്തിങ്കൽ ജോസ് ഭാര്യ ലൂസി, ഗാന്ധി ഗ്രാമം |
| 5. | ലിറ്റിൽ ഫ്ളവർ | 3.15 pm | കോമ്പാറ തോമസ്, ജനത റോഡ് |
| 6. | സെ. വിൻസെന്റ് ഡി പോൾ | 4.00 pm | ജോയ് മാളിയേക്കൽ, തോട്ടത്തി അങ്ങാടി |
| **രണ്ടാം ഞായർ 10 – 09 – 2023** | | | |
| 7. | സെ. ജെയിംസ് | 2.30 pm | വടാശ്ശേരി അജയ് സംഗീത് |
| 8. | വിമലനാഥ | 3.15 pm | |
| 9. | ഗുഡ്ഷെപ്പേർഡ് | 4.00 pm | |
| 10. | സെ. മേരീസ് | 2.30 pm | കുറ്റിക്കാട്ട് ഇനാശു തോമസ് (ട്രിനിറ്റി വില്ല) |
| 11. | സെ. ജോസഫ് | 3.15 pm | പുതുക്കാട്ടുകാരൻ ഫ്രാങ്കോ |
| 12. | സെ. സെബാസ്റ്റ്യൻ | 4.00 pm | |
| **മൂന്നാം ഞായർ 17 – 09 – 2023** | | | |
| 13. | സെ. ക്ലാര | 2.30 pm | വാർഷികം - **സെപ്റ്റംബർ 24,** തേർമഠം ബാബു |
| 14. | സെ. പോൾ | 3.15 pm | വല്ലച്ചിറക്കാരൻ ഇനാശു ജിജു, വളർക്കാവ് |
| 15. | സെ. ഫ്രാൻസിസ് | 4.00 pm | പൂത്തോക്കാരൻ കൊച്ചപ്പൻ ജോയ് |
| 16. | സെക്രഡ് ഹാർട്ട് | 2.30 pm | ചിറ്റിലപ്പിള്ളി ജാസ്മിൻ ജോർജ്ജ്, മൈക്രോ സ്ട്രീറ്റ് |
| 17. | സെ. സേവ്യർ | 3.15 pm | കോട്ടയ്ക്കൽ വർഗ്ഗീസ് ഫ്രാൻസിസ് |
| 18. | സെ. ആന്റണീസ് | 4.00 pm | |
| **നാലാം ഞായർ 24 – 09 – 2023** | | | |
| 19. | സെ. ജോർജ് | 2.00 pm | |
| 20. | സെ. റാഫേൽ | 2.45 pm | കല്ലേരി ഷീല ജോൺസൻ, ഹൗസ് നം. 8, ഐശ്വര്യ നഗർ |
| 21. | സെ. ജൂഡ് | 3.30 pm | |
| 22. | ആവേ മരിയ | 4.15 pm | വാർഷികം - **സെപ്റ്റംബർ 10,** പൗർണ്ണമി അപ്പാർട്ട്മെന്റ് |
| 23. | ഡോൺബോസ്ക്കോ | 2.00 pm | അക്കരപ്പറ്റി ലാസർ ജോണി |
| 24. | മേരിമാത | 2.45 pm | ചിറയത്ത് പള്ളായി ആന്റോ, ഒലീവ് ഗാർഡൻ |
| 25. | ലൂർദ് മാത | 3.30 pm | തെക്കേക്കര ഒളരി കൊച്ചുവറീത് ആന്റോ, ഗിൽഗാൽ സ്ട്രീറ്റ് |
| 26. | ഹോളി ഫാമിലി | 4.15 pm | തോണിവളപ്പിൽ ബാബു, സ്വരാജ് നഗർ |


## ഓർമദിനങ്ങൾ | സെപ്റ്റംബർ 2023

| | | |
|---|---|---|
| 05 ചൊവ്വ | - | കൊൽക്കൊത്തയിലെ വി. തെരേസ |
| 08 വെള്ളി | - | പ.ക. മറിയത്തിന്റെ പിറവിത്തിരുനാൾ |
| 13 ബുധൻ | - | വി. ജോൺ ക്രിസോസ്തോം |
| 14 വ്യാഴം | - | വി. കുരിശിന്റെ പുകഴ്ച |
| 21 വ്യാഴം | - | വി. മത്തായി ശ്ലീഹാ |
| 27 ബുധൻ | - | വി. വിൻസെന്റ് ഡി പോൾ |
| 29 വെള്ളി | - | മിഖായേൽ, ഗബ്രിയേൽ, റഫായേൽ മാലാഖമാർ |
| 30 ശനി | - | വി. ജെറോം |

### കിഡ്സ് കോർണർ


Aaron, V A / VI B


Annviya Prince, V A



Ashwin Prince, IV A

ഇടവകയിലെ വേദപാഠം വിദ്യാർത്ഥികളിൽ നിന്നും കഥ, കവിത, ചിത്രരചന എന്നിവ ക്ഷണിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്നവ പ്രസിദ്ധീകരിക്കുന്നതാണ്.

### പള്ളി വൃത്തിയാക്കേണ്ട യൂണിറ്റുകൾ

| | | | |
|---|---|---|---|
| ആഗസ്റ്റ് 2 ശനി | - | ആവേ മരിയ | യൂണിറ്റ് |
| 9 ശനി | - | സെ. വിൻസെന്റ് ഡി പോൾ | ” |
| 16 ശനി | - | സെ. ഫ്രാൻസിസ് | ” |
| 23 ശനി | - | സെ. സെബാസ്റ്റ്യൻ | ” |
| 30 ശനി | - | സെ. സേവ്യർ | ” |



# പ്രതിനിധിയോഗ തീരുമാനങ്ങൾ

## ഓഗസ്റ്റ്

2023 ഓഗസ്റ്റ് 13-ാം തീയതി രാവിലെ 7.30ന്റെ വി. കുർബാനയ്ക്കുശേഷം ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ പ്രതിനിധിയോഗം കൂടുകയുണ്ടായി. യോഗത്തിൽ 37 അംഗങ്ങൾ പങ്കെടുത്തു.

1. പ്രാർത്ഥനയോടുകൂടി ആരംഭിച്ച പ്രതിനിധി യോഗത്തിൽ നടത്തു കൈക്കാരൻ ശ്രീ. ജോർജ് വലിയവീട്ടിൽ സ്വാഗതം പറഞ്ഞു.
2. 2023 ജൂലൈ മാസത്തിലെ റിപ്പോർട്ട്, വരവ് ചിലവ് കണക്ക്, പുവ്വർ ഫണ്ട് അക്കൗണ്ട് ഓഡിറ്റ് റിപ്പോർട്ട് എന്നിവ വായിച്ച് പാസാക്കി.
3. ഇടവകയുടെ ജീവകാരുണ്യ പ്രസ്ഥാനമായ സാന്ത്വനം മുഖേന ജൂലൈ മാസത്തിൽ 40,505/- രൂപയുടെ കാരുണ്യ പ്രവർത്തികൾ നടത്തിയതായി കൺവീനർ ശ്രീ. ഒ.ഡി. ജോസഫ് യോഗത്തെ അറിയിച്ചു.
4. ജൂലൈ 3 ഊട്ടുതിരുനാളിന്റെ കണക്ക് ഓഡിറ്റ് ചെയ്തത് വായിച്ചു പാസ്സാക്കി.
5. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെ ആശംസകൾ വികാരിയച്ചൻ അറിയിച്ചു.
6. യോഗത്തിൽ കൈക്കാരൻ ശ്രീ. വർഗ്ഗീസ് വാകയിൽ നന്ദി പറഞ്ഞു.
7. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

**ഡോ. ലിവിൻ സൈമൺ തൈക്കാട്ടിൽ**
(പ്രതിനിധിയോഗം സെക്രട്ടറി)



വചനവഴിയേ...

# ബൈബിൾ കലണ്ടർ

## 2023 സെപ്റ്റംബർ

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| |  | | | | 1 മർക്കോ 10: 13–16 റോമാ 8: 26–30 | 2 മർക്കോ 2: 13–17 2 തെസ 3: 13–18 |
| 3 ലൂക്കാ 18: 35–43 2 തെസ 1: 3–10 | 4 ലൂക്കാ 12: 35–40 2 കോറി 12: 1–6 | 5 ലൂക്കാ 9: 23–27 ഗലാ 3: 15–20 | 6 ലൂക്കാ 12: 41–48 ഗലാ 4: 8–11 | 7 ലൂക്കാ 17: 20–37 1 പത്രോ 1: 22–25 | 8 മത്താ 1: 1–16 വെളി 12: 1–6 | 9 മത്താ 13: 44–51 2 പത്രോ 3: 8–13 |
| 10 മത്താ 13: 1–9 2 തെസ 2: 14–3:3 | 11 മത്താ 19: 27–30 വെളി 7: 9–17 | 12 യോഹ 16: 20–24 2 തിമോ 2: 14–17 a | 13 മത്താ 7: 1–6 1 തിമോ 1: 3–11 | 14 ലൂക്കാ 24: 13–27 1 കോറി 1: 18–25 | 15 ലൂക്കാ 13: 6–9 1 പത്രോ 2: 19–25 | 16 മത്താ 8: 5–13 1 പത്രോ 2: 11–19 |
| 17 മത്താ 4: 12–17 ഫിലി 2: 1–11 | 18 മത്താ 5: 43–48 ഫിലി 4: 10–14 | 19 മത്താ 23: 29–36 2 പത്രോ 3: 1–7 | 20 മത്താ 24: 29–36 1 തെസ 4: 13–18 | 21 മത്താ 9: 9–13 ഹെബ്രാ 11: 23–26 | 22 ലൂക്കാ 4: 31–37 2 തിമോ 2: 1–7 | 23 ലൂക്കാ 15: 1–7 കൊളോ 1: 24–29 |
| 24 മത്താ 17: 14–21 ഫിലി 3: 1–11 | 25 യോഹ 8: 39–47 1 യോഹ 5: 13–21 | 26 മത്താ 10: 26–33 റോമ 3: 1–8 | 27 മത്താ 21: 18–22 2 കോറി 13: 5–10 | 28 മത്താ 11: 11–19 2 പത്രോ 2: 20–22 | 29 മത്താ 15: 1–9 2 പത്രോ 1: 20–2:3 | 30 ലൂക്കാ 8: 16–21 1 തെസ 1: 4–8 |

### പഴയനിയമ വായനകൾ

| | | | |
|---|---|---|---|
| 3 | നിയ 6: 20–25 ഏശ 31: 4–9 | 17 | നിയ 8: 11–20 ഏശ 33: 13–24 |
| 10 | നിയ 7: 7–11 ഏശ 30: 18–26 | 24 | നിയ 9: 1–6 ഏശ 25: 1–8 |